www.societytodaynews.com

2024 DECEMBER
30
MONDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഗ്രാമീണ ഉപഭോഗത്തിൽ വർധന: ആളോഹരി വരുമാന വളർച്ചയിൽ നഗരങ്ങളെ മറികടന്നു

**മുംബൈ:** ഭക്ഷ്യേതര ഇനങ്ങൾക്കാണ് കൂടുതൽ ചെലവഴിക്കൽ. ശരാശരി പ്രതിമാസ ആളോഹരി ഉപഭോഗത്തിൽ ഭക്ഷ്യേതര ഇനങ്ങളുടെ പങ്ക് ഗ്രാമങ്ങളിൽ 53 ശതമാനവും നഗരങ്ങളിൽ 60 ശതമാനവുമാണ്. നഗരങ്ങളെ അപേക്ഷിച്ച് ഗ്രാമീണ ഉപഭോഗത്തിൽ വർധന. നഗരഗ്രാമീണ മേഖലകളിലെ ഉപഭോഗത്തിലെ അസമത്വം സ്ഥിരമായി കുറഞ്ഞുവരികയാണെന്ന് സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തുവിട്ട ഗാർഹിക ഉപഭോഗ ചെലവ് സർവെ സൂചിപ്പിക്കുന്നു. 202324 സാമ്പത്തിക വർഷത്തെ സർവെ പ്രകാരം ഗ്രമീണ ഇന്ത്യയുടെ ശരാശരി പ്രതിമാസ ആളോഹരി ഉപഭോഗം 4,122 രൂപയാണ്. നഗരങ്ങളിലാകട്ടെ 6,996 രൂപയും. ക്ഷേമ പദ്ധതികൾ വഴിയും മറ്റും സൗജന്യമായി ലഭിക്കുന്ന ഇനങ്ങളുടെ മൂല്യം ഒഴിവാക്കിയാണ് ഈ വിലയിരുത്തൽ.



പ്രതിമാസ ആളോഹരി വരുമാനത്തിൽ ഗ്രാമങ്ങളിൽ ഒമ്പത് ശതമാനം വളർച്ചയുണ്ടായപ്പോൾ നഗരങ്ങളിൽ എട്ട് ശതമാനത്തിലൊതുങ്ങി. ഗ്രാമങ്ങളിലെ 2.61 ലക്ഷം വീടുകളിൽനിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ വിലയിരുത്തൽ. നഗരങ്ങളിലെ ഒരു ലക്ഷത്തിലധികം വീടുകളിലും സർവെ നടത്തി. ആളോഹരി ചെലവഴിക്കലിൽ നഗരഗ്രാമ വ്യത്യാസം 201112ലെ 84 ശതമാനത്തിൽനിന്ന് 202223ൽ 71 ശതമാനമായി കുറഞ്ഞു. 202324 സാമ്പത്തിക വർഷമാകട്ടെ 70ശതമാനമായും താഴ്ന്നു. ഗ്രാമീണ മേഖലയിലെ ഉപഭോഗത്തിൽ സ്ഥിരമായുണ്ടായ വളർച്ചയുടെ തെളിവാണിതെന്ന് സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പറയുന്നു. ഭക്ഷ്യേതര ഇനങ്ങൾക്കാണ് കൂടുതൽ ചെലവഴിക്കൽ. ശരാശരി പ്രതിമാസ ആളോഹരി ഉപഭോഗത്തിൽ ഭക്ഷ്യേതര ഇനങ്ങളുടെ പങ്ക് ഗ്രാമങ്ങളിൽ 53 ശതമാനവും നഗരങ്ങളിൽ 60 ശതമാനവുമാണ്. യാത്ര, വസ്ത്രം, കിടക്ക, പാദരക്ഷ, വിനോദം എന്നിങ്ങനെയാണ് ഭക്ഷ്യേതര ചെലവുകൾ ഏറെയും. നഗരങ്ങളിലാകട്ടെ വാടക ചെലവ് എടുത്തു പറയുന്നു. ഈയിനത്തിലെ കുടുംബങ്ങളുടെ വിഹിതം ഏഴ് ശതമാനമാണ്. പാനീയങ്ങൾ, സംസ്കരിച്ച ഭക്ഷണ വസ്തുക്കൾ, പാൽ, പാലുത്പന്നങ്ങൾ, പച്ചക്കറികൾ എന്നിവയാണ് ഭക്ഷ്യ ഇനങ്ങളിൽ കൂടുതലായുള്ള ഉപഭോഗം.

## യുഎസ് മുൻ പ്രസിഡന്റ് ജിമ്മി കാർട്ടർ അന്തരിച്ചു



**വാഷിങ്ടൻ:** യുഎസ് മുൻ പ്രസിഡന്റും നൊബേൽ പുരസ്കാരജേതാവുമായ ജിമ്മി കാർട്ടർ (100) അന്തരിച്ചു. അമേരിക്കയുടെ 39ാമത്തെ പ്രസിഡന്റാണ്. കാൻസറിനെ അതിജീവിച്ച അദ്ദേഹം കഴിഞ്ഞ യുഎസ് തിരഞ്ഞെടുപ്പിലും വോട്ട് ചെയ്യാനെത്തിയിരുന്നു.

വൈറ്റ്ഹൗസിൽ തനിക്കുശേഷം 7 പ്രസിഡന്റുമാരെക്കണ്ടും ലോകം മാറിമറിയുന്നതറിഞ്ഞും ജോർജിയയിലെ കൊച്ചുവീട്ടിലായിരുന്നു താമസം. കഴിഞ്ഞ വർഷം ഫെബ്രുവരി മുതൽ വീട് ആശുപത്രിയാക്കിയുള്ള സ്നേഹ പരിചരണത്തിൽ കഴിയുകയായിരുന്നു.

ഡെമോക്രാറ്റുകാരനായ കാർട്ടർ 1977 മുതൽ 1981വരെ യുഎസ് പ്രസിഡന്റായിരുന്നു. 100 വയസ്സ് വരെ ജീവിച്ച ആദ്യത്തെ അമേരിക്കൻ പ്രസിഡന്റാണ്.1978ൽ ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്. 77 വർഷം ജീവിതപങ്കാളിയായിരുന്ന റോസലിൻ കഴിഞ്ഞ നവംബറിൽ 96 ാം വയസ്സിൽ അന്തരിച്ചു.

## ഗാലറിയിൽ നിന്നും വീണ് ഉമാതോമസ് എംഎൽഎയ്ക്ക് ഗുരുതര പരിക്ക്

**കൊച്ചി:** കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിലെ ഗ്യാലറിയിൽ നിന്നും വീണ് ഉമാ തോമസ് എംഎൽഎയ്ക്ക് ഗുരുതരമായി പരിക്കേറ്റു. തലയ്ക്കും ശ്വാസകോശത്തിനും പരിക്കേറ്റ ഉമാ തോമസിനെ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലെ തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചെങ്കിലും പരിക്ക് ഗുരതരമായതിനാൽ വെന്റിലേറ്ററിലേക്ക് മാറ്റി. ആശുപത്രിയിൽ എത്തിക്കുമ്പോൾ അബോധാവസ്ഥയിലായിരുന്നു ഉമാ തോമസ്.ഇതേ തുടർന്നാണ് വെന്റിലേറ്ററിലേക്ക് മാറ്റിയത്.

സിടി സ്കാനിൽ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റതായിട്ടാണ് വ്യക്തമായിട്ടുള്ളത്. സെർവിക്കൽ സ്പൈനിലും പരിക്കുണ്ട്. വീഴ്ചയുടെ ആഘാതത്തിൽ മുഖത്തും വാരിയെല്ലുകൾക്കും ഒടിവുകൾ സംഭവിച്ചുണ്ട്.ഇതേ തുടർന്ന് ശ്വാസകോശത്തിൽ രക്തസ്രാവവും ഉണ്ടായിട്ടുണ്ട്. തലയുടെ പരിക്ക് ഗുരുതരമാണെങ്കിലും അടിയന്തര ശസ്ത്രക്രിയയുടെ ആവശ്യമില്ലെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി.നിലവിൽ 24 മണിക്കൂർ നിരീക്ഷണത്തിലാണ് ഇതിനു ശേഷം മാത്രമെ ആരോഗ്യനിലയിലെ പുരോഗതി സംബന്ധിച്ച് കുടുതൽ വിവരങ്ങൾ പറയാൻ സാധിക്കുവെന്നും ആശുപത്രി അധികൃതർ വ്യക്തമാക്കി. ഉമാ തോമസിന്റെ ചികിൽസയ്ക്കായി പ്രത്യേക മെഡിക്കൽ സംഘത്തെ കൂടി സർക്കാർ നിയോഗിച്ചു. കോട്ടയം മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള കോട്ടയം മെഡിക്കൽ കോളേജിലേയും എറണാകുളം മെഡിക്കൽ കോളേജിലേയും വിദഗ്ധ ഡോക്ടർമാരുടെ സംഘമാണ് ഇതിനായി എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ എത്തി ചികിൽസയ്ക്ക് മേൽനോട്ടം വഹിക്കുന്നത്. ആശുപത്രിയിലെ മെഡിക്കൽ ബോർഡിന് പുറമേയാണിത്. കലൂർ സ്റ്റേഡിയത്തിൽ ഞായറാഴ്ച വൈകുന്നേരം നടന്ന ഗിന്നസ് റെക്കോർഡ് ലക്ഷ്യമിട്ട് 12000 നർത്തകർ പങ്കെടുത്ത ഭരതനാട്യ പരിപാടിയുടെ ഉദ്ഘാടനം ചടങ്ങിൽ പങ്കെടുക്കനായിട്ടായിരുന്നു ഉമാ തോമസ് എത്തിയത്. സ്റ്റേഡിയത്തിലെ ഗ്യാലറിയിൽ നിന്നും 20 അടിയോളം താഴ്ചയിലേക്കാണ് ഉമാ തോമസ് വീണത്. ഉടൻ തന്നെ ആംബുലൻസിൽ ഉമാ തോമസിനെ ആശുപത്രിയിൽ എത്തിക്കുകയായിരുന്നു.



# പാവക്കുളം ക്ഷേത്രത്തിൽ ഉൽസവം ജനുവരി നാലുമുതൽ 13 വരെ

**കൊച്ചി:** കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ തിരുവുൽസവത്തിന് ജനുവരി നാലിന് ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ കൊടിയേറും. 13 ന് നടക്കുന്ന ആറാട്ടു സദ്യയോടെയാണ് ഉൽസവം സമാപിക്കുക. ജനുവരി നാലിന് രാവിലെ ഏഴിന് ചതുശുദ്ധി,ധാര, പഞ്ചഗവ്യം എട്ടിന് ബ്രഹ്മകലശം, ശിവപുരാണ പാരായണം, ഉച്ചയ്ക്ക് ഒരു മണിക്ക് പ്രസാദമൂട്ട്, വൈകിട്ട് ആറരയ്ക്ക് ഭജനസന്ധ്യ എന്നിവയുണ്ടാകും. രാത്രി എട്ടിന് ക്ഷേത്രം തന്ത്രിയുടെ മുഖ്യകാർമ്മികത്വത്തിൽ കൊടിയേറ്റ് തുടർന്ന് തിരുവാതിര അവതരിപ്പിക്കും. ജനുവരി അഞ്ച് മുതൽ 13 വരെ ദിവസവും രാവിലെ എട്ടിന് പാർവ്വതി ദേവിക്ക് കലശം, ഒമ്പതിന് കലശം ആടൽ, ഒരു മണിക്ക് പ്രസാദമൂട്ട് എന്നിവയുണ്ടായിരിക്കും. അഞ്ചിന് വൈകിട്ട് ആറരയ്ക്ക് ഭരതനാട്യം, ആറിന് വൈകിട്ട് ആറരയ്ക്ക് ഇരട്ടതായമ്പക, എട്ടിന് ഭരത നാട്യം, സംഗീതകച്ചേരി. ഏഴിന് വൈകിട്ട് ഏഴിന് കഥകളി, എട്ടിന് വൈകിട്ട് ഏഴിന് കളരി പ്രദർശനം, തുടർന്ന് ഗാനമാധുരി, ഒമ്പതിന് വൈകിട്ട് ഏഴിന് ഓട്ടൻതുള്ളൽ, 8.30 ന് നൃത്തനൃത്ത്യങ്ങൾ പത്തിന് വൈകിട്ട് ഏഴിന് നൃത്തനൃത്ത്യങ്ങൾ,11 ന് രാവിലെ 11 ന് ഉൽസവ ബലി, വൈകിട്ട് ഏഴിന് നൃത്തനൃത്ത്യങ്ങൾ, 12 ന് വൈകിട്ട് അഞ്ചിന് പകൽപ്പൂരം, രാത്രി ഏഴിന് ഗാനമേള, 7.30 ന് എട്ടങ്ങാടി, 11 ന് പള്ളിവേട്ട, പള്ളിക്കുറുപ്പ്, 13 ന് രാവിലെ ഒമ്പതിന് കൊടിയിറക്കൽ, എഴുന്നള്ളത്ത് എന്നിവ നടക്കും. 12.30 ന് നടക്കുന്ന ആറാട്ട് സദ്യയോടെ ഉൽസവത്തിന് സമാപനമാകും.

# സങ്കൽപ് പദ്ധതിയിൽ സീറ്റ് ഒഴിവ്

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ തൊഴിൽ വകുപ്പിന് കീഴിൽ കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിൽ കേന്ദ്ര സർക്കാർ പദ്ധതിയായ സങ്കൽപ്പിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പത്താം ക്ലാസ്സു വിജയിച്ചവർക്കുള്ള അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ ലെവൽ 3, പ്ലസ് വൺ വിജയിച്ചവർക്കുള്ള എക്സ്കവേറ്റർ ഓപ്പറേറ്റർ ലെവൽ 4 എന്നീ പരിശീലനങ്ങളാണ് സങ്കൽപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിൽ തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ്എക്സല്ലൻസ് ആണ് സങ്കൽപ് പദ്ധതി നടപ്പിലാക്കുന്നത്.തെരെഞ്ഞെടുക്കപ്പെടുന്നവരുടെ പരിശീലന തുക മുഴുവനായും സർക്കാർ വഹിക്കും. അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർ യോഗ്യത തെളിയിക്കുന്ന രേഖകൾ,വരുമാന സർട്ടിഫിക്കറ്റ്,ആധാർ കാർഡ് എന്നിവയുമായി ഡിസംബർ 31 ചൊവ്വാഴ്ച വൈകിട്ട് 5 മണിക്ക് മുൻപായി സ്ഥാപനത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

# കാർണിവൽ കമ്മിറ്റി നടത്തുന്ന ആഘോഷ പരിപാടികൾ റദ്ദാക്കി

**കൊച്ചി:** മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന്റെ നിര്യാണത്തെ തുടർന്ന് ജനുവരി 1 വരെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ കൊച്ചി കാർണിവലിനോട് അനുബന്ധിച്ച് കാർണിവൽ കമ്മിറ്റി നേരിട്ട് നടത്തുന്ന എല്ലാ ആഘോഷ പരിപാടികളും റദ്ദാക്കിയതായി കാർണിവൽ കമ്മിറ്റി ചെയർപേഴ്സൺ അറിയിച്ചു

# മഞ്ഞപ്പിത്തം: പള്ളിലാംകരയിൽ ബോധവൽക്കരണവും കിറ്റ് വിതരണവും

**കൊച്ചി:** മഞ്ഞപ്പിത്ത ബോധവൽക്കരണ, പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കളമശ്ശേരി നഗരസഭയിലെ പള്ളിലാംകര വാർഡിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള കിറ്റ് വിതരണം ചെയ്തു.

നഗരസഭ, ആരോഗ്യ വകുപ്പ്, ഗവൺമെന്റ് ഐടിഐ എൻഎസ്എസ് യൂണിറ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ബോധവൽക്കരണ പ്രവർത്തനങ്ങളും കിറ്റ് വിതരണവും നടത്തിയത്

എൻഎസ്എസ് യൂണിറ്റിന്റെ സപ്തദിന സഹവാസ ക്യാമ്പ് നടക്കുന്ന പള്ളിലാംകര ഗവൺമെന്റ് എൽ പി സ്കൂളിൽ കിറ്റ് വിതരണത്തിന് എൻഎസ്എസ് കോ ഓഡിനേറ്റർ മുഹമ്മദ് അഫ്സൽ നേതൃത്വം നൽകി. എൻഎസ്എസ് വോളണ്ടിയർമാർ നടത്തുന്ന ആരോഗ്യ സർവേയ്ക്ക് ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരായ സജിത്ത് ബാബു, റോബിൻസ്, പ്രോഗ്രാം ഓഫീസർ കെ വിഷ്ണു എന്നിവരും നേതൃത്വം നൽകി

സപ്തദിന സഹവാസ ക്യാമ്പിന്റെ ഉദ്ഘാടനം ഐടിഐ പ്രിൻസിപ്പൽ പി കെ രഘുനാഥൻ നിർവഹിച്ചു. വൈസ് പ്രിൻസിപ്പൽ എം വി സുമേഷ് പ്രസംഗിച്ചു.



# സെപ്റ്റിക് ഷോക്കിൽ നിന്നും രക്ഷിച്ചെടുത്തു: മൃണാളിനി മഹാരാഷ്ട്രയിലേക്ക് മടങ്ങി

**മലപ്പുറം:** തവനൂർ കാർഷിക കോളേജിലെ പി.എച്ച്.ഡി. വിദ്യാർത്ഥിനിയായ മൃണാളിനിയെ (24) സെപ്റ്റിക് ഷോക്ക് എന്ന അതീവ ഗുരുതരാവസ്ഥയിൽ നിന്നും രക്ഷിച്ചെടുത്ത് കുറ്റിപ്പുറം താലൂക്ക് ആശുപത്രി. ജലാംശം അമിതമായി നഷ്ടപെട്ട് വൃക്കകളുടേയും കരളിന്റേയും പ്രവർത്തനം താറുമാറാകുകയും രക്തത്തിൽ അണുബാധ ഉണ്ടാകുകയും ഷോക്കിലേക്ക് പോകുകയും ചെയ്തിരുന്നു. ആ അവസ്ഥയിൽ നിന്നാണ് ഒരാഴ്ചത്തെ തീവ്ര പരിചരണവും കരുതലും നൽകി മൃണാളിനിയെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചത്. ചികിത്സയും പരിചരണവും നൽകി വിദ്യാർത്ഥിനിയുടെ ജീവൻ രക്ഷിച്ച കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ മുഴുവൻ ജീവനക്കാരേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ഒരാഴ്ച മുമ്പാണ് പനിയും വയറിളക്കവുമായി അവശ നിലയിൽ മൃണാളിനിയെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെത്തിച്ചത്. പരിശോധനയിൽ രക്തത്തിലെ കൗണ്ടിന്റെ അളവിൽ വ്യത്യാസം കണ്ടതിനാൽ അഡ്മിറ്റാകാൻ ഡോക്ടർ നിർദേശിച്ചു. എന്നാൽ മൃണാളിനിയുടെ ബന്ധുക്കൾ കുട്ടിയെ സ്വദേശമായ മഹാരാഷ്ട്രയിലേക്ക് കൊണ്ട് പോയി ചികിത്സിച്ചോളാം എന്ന് നിർബന്ധം പിടിച്ചു. ഈ അവസ്ഥയിൽ യാത്ര അപകടകാരമാണെന്നും രണ്ടു ദിവസം ഐസിയുവിൽ കിടത്തി വിദഗ്ധ ചികിത്സ നൽകി ആരോഗ്യനില മെച്ചപ്പെട്ട ശേഷം പോകാമെന്നും ഡോക്ടർ അറിയിച്ചു. രോഗാവസ്ഥ തിരിച്ചറിഞ്ഞ ബന്ധുക്കൾ അതോടെ സമ്മതമറിയിച്ചു. അങ്ങനെ മൃണാളിനിയെ ഐസിയുവിൽ അഡ്മിറ്റാക്കി.

ആദ്യത്തെ രക്ത പരിശോധനാഫലം വന്നപ്പോൾ തന്നെ രോഗി ഗുരുതരാവസ്ഥയിലാണെന്ന് ബോധ്യമായി. ജലാംശം അമിതമായി നഷ്ടപെട്ടിട്ടുണ്ട്. കരൾ, വൃക്ക തുടങ്ങിയ അവയവങ്ങളുടെ പ്രവർത്തനം താറുമാറായിട്ടുണ്ട്. കൂടാതെ രക്തത്തിൽ അണുബാധയുണ്ടായി സെപ്റ്റിക് ഷോക്ക് എന്ന അവസ്ഥയിലും. ഉടൻ തന്നെ മുഴുവൻ ടീമും സജ്ജമായി രോഗിയെ 24 മണിക്കൂറും ഐസിയുവിൽ നിരീക്ഷണത്തിലാക്കി വിദഗ്ധ ചികിത്സ ഉറപ്പാക്കി. പക്ഷെ, പിറ്റേ ദിവസം വീണ്ടും കൗണ്ട് കുറയുകയും രക്തത്തിന്റെ അളവ് ക്രമാതീതമായി താഴുകയും ചെയ്തു. രോഗിക്ക് അടിയന്തരമായി രക്തം നൽകുകയും രക്തത്തിലെ മറ്റു ഘടകങ്ങൾ ശരിയാകാനുള്ള ചികിത്സ നൽകുകയും ചെയ്തു.

കുറഞ്ഞ സമയം കൊണ്ട് എല്ലാവരുടേയും സ്വന്തമായ മൃണാളിനിയുടെ ആരോഗ്യനില പതുക്കെ പതുക്കെ മെച്ചപ്പെടാൻ തുടങ്ങി. അതിനിടെ രോഗിയെ കൊണ്ടുപോകാൻ ബന്ധുക്കൾ വീണ്ടും നിർബന്ധിച്ചു. എന്നാൽ ഡോക്ടറുടെ അഭ്യർത്ഥന പ്രകാരം ഒരു ദിവസം കൂടി നീട്ടി കിട്ടി. പിന്നെ അവിടെ അവിടെ നടന്നത് ഒരു ടീം വർക്കാണ്. ഡ്യൂട്ടി സമയം പോലും നോക്കാതെ ഡോക്ടർ, ഐസിയു സ്റ്റാഫ്, ലാബ് സ്റ്റാഫ്, ഫാർമസി സ്റ്റാഫ് തുടങ്ങി സകലരും മൃനാളിനിക്കായി അഹോരാത്രം പ്രയത്നിച്ച് തീവ്ര പരിചരണം നൽകി. മൃണാളിനിയുടെ ആരോഗ്യനില മെച്ചപ്പെടുകയും രക്തത്തിലെ കൗണ്ട് സാധാരണ നിലയിൽ എത്തുകയും ചെയ്തു. കരളിന്റേയും വൃക്കകളുടേയും പ്രവർത്തനവും നേരെയായി. രോഗിയെ ഡിസ്ചാർജ് ചെയ്യാവുന്ന അവസ്ഥയിലായി. ഇതോടെ മൃണാളിനിയ്ക്കും ബന്ധുക്കൾക്കും സന്തോഷമായി. സ്വകാര്യ ആശുപത്രിയിൽ ലക്ഷങ്ങൾ ചെലവുവരുന്ന ചികിത്സയാണ് സൗജന്യമായി ലഭ്യമാക്കിയത്. ഭാഷ പോലും വശമില്ലാതിരുന്നിട്ടും വേണ്ട കരുതലൊരുക്കി തങ്ങളുടെ കുട്ടിയെ രക്ഷിച്ചെടുത്ത ആശുപത്രി ജീവനക്കാർക്ക് നന്ദി പറഞ്ഞ് മഹാരാഷ്ട്രയിലേക്ക് യാത്രയാകുമ്പോൾ അവരുടെ കണ്ണുകൾ നനയുണ്ടായിരുന്നു.

ഈ സർക്കാരിന്റെ കാലത്താണ് ഐസിയു ഉൾപ്പെടെയുള്ള തീവ്ര പരിചരണ സംവിധാനങ്ങൾ ഇവിടെ സജ്ജമാക്കിയത്. ആശുപത്രി സൂപ്രണ്ട് ഡോ. എൻ.ആർ. സജിയുടെ ഏകോപനത്തിൽ ഫിസിഷ്യൻ ഡോ. ഷമീൽ കെ.എം., സുഹൈൽ, ഹെഡ് നഴ്സ് രജിത, നഴ്സിംഗ് ഓഫീസർമാരായ അജീഷ്, റാണി, സൂര്യ, നിത്യ, ലയന, ലിസമോൾ, നഴ്സിംഗ് അസിസ്റ്റന്റുമാരായ മുഹമ്മദ്, പ്രിയ എന്നിവരാണ് ചികിത്സയും പരിചരണവുമൊരുക്കിയത്.

# വർണ്ണ ലൈറ്റുകളും എൽ ഇ ഡി ലൈറ്റുകളും അഴിപ്പിക്കും: ജനുവരി 15 വരെ കർശന വാഹന പരിശോധന

**കൊച്ചി:** ഗതാഗത നിയമലംഘനം തടയാൻ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ പോലീസുമായി സഹകരിച്ച് വാഹന പരിശോധന ഊർജിതമാക്കുന്നു. വാഹനങ്ങളിൽ വേഗപ്പൂട്ട്, ജിപിഎസ്, അനധികൃതമായി സ്ഥാപിച്ച കളർ ലൈറ്റുകൾ, എൽഇഡി ലൈറ്റുകൾ, ഹൈ ബീം ലൈറ്റുകൾ, എയർഹോൺ, അമിത സൗണ്ട് ബോക്സുകൾ, അമിത ലോഡ് എന്നിവയാണ് പ്രധാനമായും പരിശോധിക്കുന്നത്.

ഗതാഗത കമ്മീഷണറുടെ നിർദ്ദേശപ്രകാരം ജനുവരി 15 വരെ കർശന പരിശോധന തുടരും. റോഡ് ഉപയോഗിക്കുന്ന മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും അനുവദനീയവും അല്ലാത്ത ലൈറ്റുകൾ ഫിറ്റ് ചെയ്തതും, അമിത ശബ്ദം ഉണ്ടാക്കുന്ന എയർ ഹോണുകൾ ഘടിപ്പിച്ചതുമായ വാഹനങ്ങൾ കണ്ടെത്തിയാൽ ഫിറ്റ്നസ് ക്യാൻസൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള കർശനമായ നടപടികൾ സ്വീകരിക്കും. അനധികൃത ഫിറ്റിംഗ് ആയി എയർഹോൺ ഉപയോഗിച്ചാൽ 5000 രൂപ വരെയാണ് പിഴ, വാഹനങ്ങളിൽ അനധികൃതമായി ലൈറ്റ് ഘടിപ്പിച്ചാലും 5000 രൂപ പിഴ ചുമത്തും. സ്പീഡ് ഗവർണർ അഴിച്ചു വച്ചു സർവീസ് നടത്തുന്ന വാഹനങ്ങളുടെ ഫിറ്റ്നസ് റദ്ദാക്കും. ട്രിപ്പിൾ റൈഡിങ് സ്റ്റണ്ടിംഗ് എന്നിവ കാണുകയാണെങ്കിൽ ലൈസൻസ് ക്യാൻസൽ ചെയ്യുന്ന ഉൾപ്പെടെയുള്ള നടപടികൾ ഉണ്ടാകും.വാഹനങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന വർണ്ണ ലൈറ്റുകൾ, എൽ ഇ ഡി ലൈറ്റുകൾ എന്നിവ അഴിച്ചുമാറ്റിയതിനു ശേഷം മാത്രമേ സർവീസ് നടത്തുവാൻ അനുവദിക്കുകയുള്ളൂ എന്ന് എറണാകുളം ആർടിഒ ടി.എം. ജേഴ്സൺ അറിയിച്ചു.

## ചേർത്തല പൊലിമ കരപ്പുറം കാർഷിക കാഴ്ചകൾ 2024: ബിടുബി മീറ്റ് സംഘടിപ്പിച്ചു

**ചേർത്തല:** പൊലിമ കരപ്പുറം കാർഷിക കാഴ്ചകൾ2024 ന്റെ ഭാഗമായി ഹോട്ടൽ ട്രാവൻകൂർ പാലസിൽ വച്ച് ബിടുബി മീറ്റ് സംഘടിപ്പിച്ചു. 61 ഉത്പാദകരും 24 വിപണനക്കാരും മീറ്റിൽ പങ്കെടുത്തു. ആദ്യ ഘട്ടത്തിൽ 9.14 ലക്ഷം രൂപയുടെ ധാരണാ പത്രം ഒപ്പിട്ടു. കടക്കരപ്പള്ളി പച്ചക്കറി ക്ലസ്റ്ററിൽ നിന്നും 21 ടൺ പച്ചക്കറി നൽകുന്നതിന് ഹോർട്ടികോർപ്പുമായി ധാരണയിലേർപ്പെട്ടു. ഉത്പാദനക്കാരും വിപണനക്കാരും സംരംഭകരും പരസ്പരം സംവദിക്കുകയും അവരവർക്ക് ആവശ്യമുള്ള ഉൽപ്പന്നങ്ങളെകുറിച്ച് മനസ്സിലാക്കുവാനും കൂടുതൽ വ്യാപാരബന്ധത്തിൽ ഏർപ്പെടുവാനും മീറ്റ് സഹായിച്ചു.

കൂൺ കോഫി, ഹെൽത്ത് മിക്സ്, വാഴപ്പിണ്ടി സ്ക്വാഷ്, ചിപ്സ്, ഗ്ലിസറിൻ സോപ്പ്, തേൻ തുടങ്ങി ഉത്പാദകരുടെ നിരവധി ഉൽപ്പന്നങ്ങൾക്ക് വേണ്ടി വൻകിട വിപണനക്കാർ ധാരണയിൽ ഏർപ്പെട്ടു. എഫ് പി ഒ, എഫ് പി സി, എഫ് ഐ ജി, കൃഷിക്കൂട്ടങ്ങൾ, കർഷകർ, കർഷക ക്ലസ്റ്ററുകൾ, കെയ്കോ, ഹോർട്ടികോർപ്പ്, ഓയിൽ പാം, കേരള അഗ്രോ സ്റ്റോറുകൾ തുടങ്ങിയവർ പങ്കാളികളായി. കാബ്കോ അഡീഷണൽ മാനേജിങ് ഡയറക്ടർ സാജു സുരേന്ദ്രൻ, കാബ്കോ ഡയറക്ടർ ഇൻഫ്രാസ്ട്രക്ചർ പ്രതാപ് രാജ് കെ ജി, അർബൻ ബാങ്ക് പ്രസിഡന്റ് എൻ ആർ ബാബുരാജ്, വെട്ടക്കൽ കാർഷിക സഹകരണ സംഘം പ്രസിഡന്റ് പി ഡി ബൈജു, ജോയിന്റ് ഡയറക്ടർ ബിന്ദു സി. പി, കൃഷി ഡെപ്യൂട്ടി ഡയറക്ടർ സിന്ധു കെ തുടങ്ങിയവർ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

**തൃശ്ശൂർ:** കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മിൽമയുമായി സഹകരിച്ച് പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്കായി നടപ്പിലാക്കുന്ന സ്വയംതൊഴിൽ പദ്ധതിയിൽ പരിഗണിക്കുന്നതിനായി യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ തൃശ്ശൂർ ജില്ലയിൽ സ്ഥിരതാമസക്കാരായ പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18 നും 55 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം. പാലിനും, അനുബന്ധ ഉത്പ്പന്നങ്ങൾക്കും വിപണന സാധ്യതയുള്ള തൃശ്ശൂർ ജില്ലയിലെ അനുയോജ്യമായ സ്ഥലങ്ങളിൽ 'മിൽമ ഷോപ്പി അല്ലെങ്കിൽ 'മിൽമ പാർലർ' ആരംഭിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അവസരം ലഭിക്കും. ആവശ്യമായ വായ്പ കോർപ്പറേഷന്റെ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കും. ജാമ്യമായി അഞ്ചു സെന്റിൽ കുറയാത്ത വസ്തു അല്ലെങ്കിൽ ഉദ്യോഗസ്ഥ ജാമ്യം ഹാജരാക്കണം. കോർപ്പറേഷനും മിൽമ അധികൃതരും സംയുക്തമായി തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളിലായിരിക്കും സംരംഭം ആരംഭിക്കുന്നതിനുള്ള അനുമതി നൽകുക. ആവശ്യമായ സ്ഥലവും കെട്ടിടവും അനുബന്ധ സൗകര്യങ്ങളും അപേക്ഷകൻ സ്വന്തമായി സജ്ജീകരിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർക്ക് സംരംഭം സുഗമമായി നടത്തുന്നതിനാവശ്യമായ ഉൽപ്പന്നങ്ങളും, സാങ്കേതിക സഹായവും മിൽമ ലഭ്യമാക്കും. താൽപ്പര്യമുള്ള അപേക്ഷകർ അപേക്ഷാഫോറത്തിനും വിശദ വിവരങ്ങൾക്കുമായി തൃശ്ശൂർ ടൗൺഹാളിന് എതിർ വശത്തുള്ള കോർപ്പറേഷന്റെ തൃശ്ശൂർ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 0487 2331556, 9400068508.

## കേരള ലോകായുക്തയിൽ കേസ് ഫയലിംഗ് വർദ്ധിച്ചു

**തിരുവനന്തപുരം:** കേരള ലോകായുക്തയിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ സമീപകാലത്ത് ഉണ്ടായ വർദ്ധനവിന്റെ പശ്ചാത്തലത്തിലും പരാതി കക്ഷികളുടെയും അഭിഭാഷകരുടെയും ആവശ്യം പരിഗണിച്ചും ജനുവരി 1ന് വെക്കേഷൻ സിറ്റിംഗ് നടത്തും. ലോകായുക്ത ജസ്റ്റിസ് എൻ അനിൽകുമാർ കേസുകൾ പരിഗണിക്കും.രണ്ടു ഉപലോകായുക്തമാരുടെയും അഭാവത്തിൽ ആഗസ്റ്റ് മുതൽ ലോകായുക്ത ജസ്റ്റിസ് എൻ അനിൽകുമാർ ആണ് സിംഗിൾ ബെഞ്ച് കേസുകൾ പരിഗണിച്ചു വരുന്നത്. ഈ ചുരുങ്ങിയ കാലയളവിൽ 270 പുതിയ കേസുകൾ ആണ് സിംഗിൾ ബെഞ്ചിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ളത്. തത്ഫലമായി 2024 ലെ പുതിയ കേസുകളുടെ ഫയലിംഗ് 362 കഴിഞ്ഞു. സ്വത്തുവിവരം നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തിയ 791 പൊതുപ്രവർത്തകർക്കെതിരെ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇക്കാലയളവിൽ നോട്ടീസ് അയച്ചു.രണ്ടു ഉപലോകായുക്തമാർ കൂടി സ്ഥാനം ഏൽക്കുന്നതോടുകൂടി കേരള ലോകായുക്തയിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു. സഹകരണ സൊസൈറ്റികളിലെയും സഹകരണ ബാങ്കുകളിലെയും നിക്ഷേപം ആവശ്യപ്പെട്ടിട്ടും തിരികെ ലഭിക്കുന്നില്ല, സ്കൂൾ കലോത്സവ നടത്തിപ്പിലെ കെടുകാര്യസ്ഥത, ലാൻഡ് ടാക്സ് സ്വീകരിക്കുന്നതും പോക്കുവരവ് ചെയ്യുന്നതും നിരസിക്കൽ, സഹകരണ സൊസൈറ്റികളുടെയും സഹകരണ ബാങ്കുകളുടെയും ഏകപക്ഷീയമായ റവന്യൂ റിക്കവറി നടപടി, പോലീസ് അതിക്രമം എന്നിവയെല്ലാം പരാതികളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു.

# വോട്ടർമാരുടെ ലിംഗാനുപാതത്തിൽ കേരളം ഇന്ത്യയിൽ രണ്ടാമത്

## വിദേശ വോട്ടർമാരിലും കേരളം മുന്നിൽ

**തിരുവനന്തപുരം:** കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്ക് പ്രകാരം വോട്ടർമാരുടെ ലിംഗാനുപാതത്തിൽ കേരളം ഇന്ത്യയിൽ രണ്ടാം സ്ഥാനത്തെത്തി. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 1,43,36,133 സ്ത്രീ വോട്ടർമാരുണ്ട്. ഇത് മൊത്തം വോട്ടർമാരുടെ 51.56 ശതമാനം ആണ്. സംസ്ഥാനത്ത് മൊത്തം രേഖപ്പെടുത്തിയ വോട്ടിന്റെ 52.09 ശതമാനം സ്ത്രീകളാണെന്നതും ശ്രദ്ധേയമാണ്. 1000 പുരുഷ വോട്ടർമാർക്ക് 946 സ്ത്രീ വോട്ടർമാർ എന്ന ദേശീയ ശരാശരിയെക്കാൾ കൂടുതലാണ് നിലവിൽ കേരളത്തിലെ വോട്ടർമാരുടെ ലിംഗാനുപാതം. നിരന്തര പരിശ്രമങ്ങളുടെയും സുസ്ഥിര ബോധവൽക്കരണ പരിപാടികളിലൂടെയുമാണ് സംസ്ഥാനം നേട്ടം കൈവരിച്ചത്. ലിംഗസമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത ഇതിലൂടെ വ്യക്തമാകുന്നു.

2024 ലെ ലോകസഭാ പൊതുതെരഞ്ഞെടുപ്പിൽ രജിസ്റ്റർ ചെയ്ത സ്ത്രീ വോട്ടർമാരിൽ 71.86 ശതമാനം സമ്മതിദാന അവകാശം വിനിയോഗിച്ചു. കേരളത്തിന്റെ ആകെ പോളിംഗ് ശതമാനമായ 72.04 ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണെന്നതും ശ്രദ്ധേയമാണ്. ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലുള്ള സ്ത്രീകളുടെ ആവേശവും അർപ്പണബോധവും കേരളത്തിന്റെ നേട്ടത്തിന് കാരണമായി.

2024ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ വിദേശ വോട്ടർമാരുടെ രജിസ്ട്രേഷനിലും പോളിംഗ് ശതമാനത്തിലും കേരളം മുന്നിലെത്തി. ശക്തമായ പ്രവാസി ബന്ധവും ജനാധിപത്യ പങ്കാളിത്തത്തോടുള്ള പ്രതിബദ്ധതയുമാണ് കേരളത്തെ മുന്നിലെത്തിച്ചത്. കേരളത്തിൽ രജിസ്റ്റർ ചെയ്ത 89,839 വിദേശ വോട്ടർമാരിൽ 83,765 പുരുഷന്മാരും 6,065 സ്ത്രീകളും 9 പേർ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുമാണ്. ഇന്ത്യയുടെ വിദേശ വോട്ടർമാരിൽ ഏറ്റവും കൂടുതൽ കേരളത്തിൽ നിന്നുള്ളവരാണ്. രാജ്യത്തുടനീളം 1,19,374 വിദേശ ഇലക്ടർമാർ രജിസ്റ്റർ ചെയ്തതിൽ 2,958 പേർ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തി.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ സിസ്റ്റമാറ്റിക് വോട്ടേഴ്സ് എഡ്യൂക്കേഷൻ ആൻഡ് ഇലക്ടറൽ പാർട്ടിസിപ്പേഷൻ പ്രോഗ്രാമിന് കീഴിലുള്ള വോട്ടർമാർക്കുള്ള ബോധവൽക്കരണ പരിപാടികൾ ലിംഗാനുപാതത്തിലെ കുറവ് പരിഹരിക്കുന്നതിന് നിർണായക പങ്ക് വഹിച്ചു. സാമൂഹിക കൂട്ടായ്മകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള സഹകരണം, പ്രാദേശിക പ്രചാരണ പ്രവർത്തനങ്ങൾ തുടങ്ങിയവ സ്ത്രീകളെ ശാക്തീകരിക്കുന്നതിനും ജനാധിപത്യ പ്രകിയയിൽ വോട്ടർമാരുടെ നിസംഗത കുറയ്ക്കുന്നതിനും കാരണമായി. 367 ട്രാൻസ്ജൻഡർ വോട്ടർമാരുൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമുദായങ്ങൾക്ക് പ്രാതിനിധ്യം നൽകുന്ന പ്രവർത്തനങ്ങളാണ് കേരളം നടത്തിയത്. വൈവിധ്യപൂർണമായ ജനാധിപത്യത്തോടുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയെ ഇത് ശക്തിപ്പെടുത്തി.

തിരഞ്ഞെടുപ്പ് കമ്മീഷൻ, സംസ്ഥാന, ജില്ലാ ഭരണകൂടങ്ങൾ, പൗരസമൂഹം, വോട്ടർമാർ എന്നിവരുടെ കൂട്ടായ പരിശ്രമത്തിന്റെ തെളിവായും രാജ്യമാതൃകയായും കേരളത്തിന്റെ സ്ത്രീ വോട്ടർമാരിലെ ലിംഗാനുപാതത്തിലെ വർധനവ് മാറുന്നതായും കേന്ദ തെരഞ്ഞെടുപ്പ് കമ്മീഷൻ പത്രകുറിപ്പിൽ അറിയിച്ചു.

# ശിവഗിരി തീർത്ഥാടനത്തിന് ഇന്ന് തുടക്കം

**ശിവഗിരി:** 92ാമത് ശിവഗിരി തീർത്ഥാടന മഹാമഹത്തിന് നാളെ തുടക്കമാകും. 30 ന് രാവിലെ 7.30 ന് ശ്രീനാരായണധർമ്മ സംഘം ട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി പതാക ഉയർത്തും. പത്തിന് സംസ്ഥാന മന്ത്രി എം ബി. രാജേഷ് തീർത്ഥാടനം ഉദ്ഘാടനം ചെയ്യും. ട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി അധ്യക്ഷത വഹിക്കും. ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ അനുഗ്രഹ പ്രഭാഷണം നടത്തും. അടൂർ പ്രകാശ് എം. പി. മുൻപ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എം.എൽ.എ. എന്നിവർ പങ്കെടുക്കും. അഡ്വ. വി. ജോയ് എം.എൽ.എ., വർക്കല മുനിസിപ്പൽ ചെയർമാൻ കെ. എം. ലാജി, മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ, തീർത്ഥാടനകമ്മിറ്റി ചെയർമാൻ കെ. മുരളീധരൻ, ധർമ്മസംഘം ട്രസ്റ്റ് ഉപദേശക സമിതിഅംഗം കെ.ജി. ബാബുരാജൻ തുടങ്ങിയവർ പങ്കെടുക്കും. തീർത്ഥാടനകമ്മിറ്റി സെക്രട്ടറി സ്വാമി ഋതംഭരാനന്ദ സ്വാഗതവും ധർമ്മസംഘം ട്രസ്റ്റ് ട്രഷറർ സ്വാമി ശാരദാനന്ദ കൃതജ്ഞതയും പറയും. ഗുരുധർമ്മ പ്രചരണസഭാ സെക്രട്ടറി സ്വാമി അസംഗാനന്ദഗിരി ഗുരുസ്മരണ നടത്തും.

11:30 ന് വിദ്യാഭ്യാസ സമ്മേളനം മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. മന്ത്രി ജി. ആർ. അനിൽ അധ്യക്ഷത വഹിക്കും. നാരായണ ഗുരുകുലഅധ്യക്ഷൻ സ്വാമി മുനിനാരായണ പ്രസാദിനെ ചടങ്ങിൽ ആദരിക്കും. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. വി.പി. ജഗതിരാജ് പങ്കെടുക്കും. എസ്.എൻ.ഡി.പി യോഗം പ്രസിഡൻറ് ഡോ. എം.എൻ. സോമൻ, മോൻസ് ജോസഫ് എം.എൽ.എ., എ.ഡി.ജി.പി. പി വിജയൻ എന്നിവർ മുഖ്യപ്രഭാഷണങ്ങൾ നടത്തും. സിനിമാ സംവിധായകൻ വേണു കുന്നപ്പിള്ളി, ജോസ് പനച്ചിപ്പുറം, ബി.ജെ.പി. മുൻ സംസ്ഥാന പ്രസിഡൻറ് സി. കെ. പത്മനാഭൻ, യു.എ.ഇ. സേവനം കോഡിനേറ്റർ അമ്പലത്തറ രാജൻ, അഡ്വ. ജി സുബോധൻ ഷാർജ ജി.ഡി.പി.എസ് പ്രസിഡൻറ് രാമകൃഷ്ണൻ, സംസ്ഥാന ലൈബ്രറി കൗൺസിൽ വൈസ് പ്രസിഡൻറ് എ. പി. ജയൻ, ഡോ. അജയൻ പനയറ എന്നിവർ പ്രസംഗിക്കും. ധർമ്മ സംഘംട്രസ്റ്റ് ബോർഡ് അംഗം സ്വാമി വിശാലാനന്ദ സ്വാഗതവും സ്വാമി സത്യാനന്ദ തീർത്ഥ കൃതജ്ഞതയും പറയും.

2 മണിക്ക് നടക്കുന്ന ശാസ്ത്ര സാങ്കേതിക സമ്മേളനം ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. ഇൻറർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. അനന്തരാമകൃഷ്ണൻ അധ്യക്ഷത വഹിക്കും. ഐ.ഐ.എസ്.ടി ഡീൻ ഡോ. കുരുവിള ജോസഫ്, കേരള യൂണിവേഴ്സിറ്റി ബയോ ഇൻഫർമാറ്റിക്സ് വിഭാഗം മുൻ മേധാവി പ്രൊഫ. ഡോ. അച്യുത് ശങ്കർ എസ് നായർ, സിഡാക് അസോസിയേറ്റ് ഡയറക്ടർ ഡോ. കെ.ബി. സെന്തിൽകുമാർ, ബൈജു പാലക്കൽ എന്നിവർ സംസാരിക്കും. അദ്വൈതാശ്രമം സെക്രട്ടറി സാമി ധർമ്മ ചൈതന്യ സ്വാഗതവും ശ്രീനാരായണഗുരു വിജ്ഞാനകോശം എഡിറ്റർ മങ്ങാട് ബാലചന്ദ്രൻ കൃതജ്ഞതയും പറയും.

വൈകിട്ട് 5 ന് ശുചിത്വ ആരോഗ്യ ഉന്നതവിദ്യാഭ്യാസ സമ്മേളനത്തിൽ കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. അധ്യക്ഷത വഹിക്കും. ശിവഗിരി മെഡിക്കൽ മിഷൻ ഡയറക്ടർ ഡോ. എസ്. കെ. നിഷാദിനെ ആദരിക്കും. പത്മശ്രീ ഡോ. മാർത്താണ്ഡപിള്ള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ്ചാൻസിലർ ഡോ. സിസതോമസ്, പ്രൊഫ. ഡോ. ചന്ദ്രദാസ് നാരായണ, ഡോ. ഹരികൃഷ്ണൻ, മുൻ ഡി.ജി.പി. ഋഷിരാജ് സിംഗ് എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിക്കും.

ആരോഗ്യ സർവകലാശാല രജിസ്ട്രാർ ഗോപകുമാർ, ഡോ. എസ്.എസ്. ലാൽ, ഡോ. കെ. സുധാകരൻ എന്നിവർ പ്രസംഗിക്കും. സ്വാമി സാന്ദ്രാനന്ദ സ്വാഗതവും സ്വാമി പ്രബോധതീർത്ഥ കൃതജ്ഞതയും പറയും.

## എച്ച് എസ് ടി (ഇംഗ്ലീഷ്) താത്കാലിക നിയമനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ കീഴ്മാട് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഒഴിവുള്ള എച്ച് എസ് ടി (ഇംഗ്ലീഷ്) തസ്തികയിലേയ്ക്കു താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യരായവർ ഡിസംബർ 31 ന് രാവിലെ 11 ന് കീഴ്മാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നടത്തുന്ന അഭിമുഖത്തിൽ വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷ, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് ഹാജരാകണം. ഫോൺ: 0484 2623673.

## ധനസഹായ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായ പദ്ധതിക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കരുത്. 60 വയസുവരെയുള്ളവർക്ക് അപേക്ഷിക്കാം. www.bwin.kerala.gov.in പോർട്ടൽ മുഖേന ഓൺലൈനായി ജനുവരി 10 വരെ അപേക്ഷ സമർപ്പിക്കാം. ഇതുസംബന്ധിച്ച വിജ്ഞാപനം www.bwin.kerala.gov.in, www.bcdd.kerala.gov.in പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫോൺ: 0484 2983130

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട (ഒ.ബി.സി) പരമ്പരാഗത കരകൗശല വിദഗ്ദ്ധർ/കൈപ്പണിക്കാർ/പൂർണ വൈദഗ്ദ്ധ്യമില്ലാത്ത തൊഴിലാളികൾ എന്നിവർക്ക് പരിശീലനവും ധനസഹായവും നൽകുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിച്ച. തൊഴിൽ വൈദഗ്ദ്ധ്യം ശക്തിപ്പെടുത്തി ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യ പരിശീലനം നൽകി ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗത്തിലൂടെ വരുമാന മാർഗം കണ്ടെത്തുവാനാണ് ടൂൾ കിറ്റ് ഗ്രാന്റ് 202425 പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കരുത്. 60 വയസ് വരെയുള്ളവർക്ക് അപേക്ഷിക്കാം അപേക്ഷ www.bwin.kerala.gov.in മുഖേന ഓൺലൈനായി സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി ജനുവരി 10. ഇത് സംബന്ധിച്ച വിജ്ഞാപനം www.bwin.kerala.gov.in, www.bcdd.kerala.gov.in വെബ്സൈറ്റുകളിൽ ലഭ്യമാണ്.കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന ആഫീസുമായി ബന്ധപ്പെടാം. ഫോൺ 0484 2983130.

## ക്യാമ്പുകൾ സമാപിച്ചു

**കൊച്ചി:** ഹോം ഓട്ടമേഷനിലെ ഐ ഒ ടി സാധ്യതകളും ത്രീഡി ആനിമേഷൻ നിർമ്മാണം സാധ്യതകളും പരിചയപ്പെടുത്തി ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പ് സമാപിച്ചു.

കൈറ്റ് ജില്ലാ കേന്ദ്രം, ഇടപ്പള്ളി ഗവ.ഹൈസ്ക്കൂൾ എന്നീ സെന്ററുകളിൽ നടന്ന ക്യാമ്പിൽ 106 കുട്ടികൾ പങ്കെടുത്തു.

ക്യാമ്പിന്റെ സമാപനത്തോടനുബന്ധിച്ച് കൈറ്റ് സി ഇ ഒ കെ അൻവർസാദത്ത് ഓൺലൈനായി ക്യാമ്പംഗങ്ങളുമായി ആശയവിനിമയം നടത്തി. ക്യാമ്പിൽ പങ്കെടുത്തവരിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച 10 കുട്ടികൾ സംസ്ഥാന ക്യാമ്പിൽ പങ്കെടുക്കും.

## എറണാകുളം ജില്ലാ ക്ഷീരസംഗമം ജനുവരി രണ്ടിന്

**കൊച്ചി:** മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ നിര്യാണത്തെ തുടർന്ന് രാജ്യവ്യാപകമായി ദുഃഖാചരണം പ്രഖ്യാപിച്ച സാഹചര്യത്തിൽ ഡിസംബ4 28 ന് നിശ്ചയിച്ചിരുന്ന ജില്ലാ ക്ഷീരസംഗമം ജനുവരി രണ്ടിന് നടക്കും. തിരുമാറാടി ക്ഷീര സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ തിരുമാറാടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്കൂൾ അങ്കണത്തിൽ ക്ഷീര സംഗമം പരിപാടികൾ നടക്കും.

ജനുവരി രണ്ടിന് രാവിലെ 7.30 ന് തിരുമാറാടി ക്ഷീരസംഘത്തിൽ ഇ ആർ സി എം പി യു ചെയർമാൻ എം ടി ജയൻ പതാകയുയർത്തി ക്ഷീരസംഗമത്തിന് തുടക്കം കുറിക്കും. 9.30 ന് പൊതുസമ്മേളനം ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. യോഗത്തിൽ അഡ്വ. അനൂപ് ജേക്കബ് എം.എൽ.എ അദ്ധ്യക്ഷത വഹിക്കും. നിയമ വ്യവസായ വകുപ്പ് മന്ത്രി അഡ്വ. പി രാജീവ്, പ്രതിപക്ഷ നേതാവ് അഡ്വ. വി ഡി സതീശൻ, ജില്ലയിലെ മറ്റ് എം.പിമാർ, എം.എൽ.എമാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ, മിൽമ പ്രതിനിധികൾ, വകുപ്പ് ഉദ്യോഗസ്ഥർ, ക്ഷീര സംഘം പ്രതിനിധികൾ, ക്ഷീര കർഷകർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും. ജില്ലാ ക്ഷീര സംഗമത്തോടനുബന്ധിച്ച് ജില്ലയിലെ മികച്ച ക്ഷീരകർഷകരെയും ക്ഷീരസംഘങ്ങളേയും ആദരിക്കൽ (മികവ്), ഡയറി എക്സിബിഷൻ (കാഴ്ച), ചികിത്സാ ക്യാമ്പ് (ശ്രേയസ്), സംഘം ജീവനക്കാർക്കുള്ള ക്വിസ് മത്സരം, കലാപരിപാടികൾ (അരങ്ങ്) തുടങ്ങിയവയും സംഘടിപ്പിക്കുന്നു.

തുടർന്ന് 'സമന്വയം' സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്യും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്മിത എൽദോസ് അധ്യക്ഷത വഹിക്കും.

# കടാതി സെൻറ്പീറ്റേഴ്സ് & സെൻറ്പോൾസ് യാക്കോബായ സുറിയാനി പള്ളിയുടെ ശതോത്തര സുവർണ്ണജൂബിലി പെരുന്നാളിന് ജനുവരി 1 ന് തുടക്കം



മൂവാറ്റുപുഴ : കടാതി സെൻറ്പീറ്റേഴ്സ് & സെൻറ്പോൾസ് യാക്കോബായ സുറിയാനി പള്ളിയുടെ ശതോത്തര സുവർണ്ണജൂബിലി പെരുന്നാളിന് (150ാമത് വർഷം) 2025 ജനുവരി 1 ന് ആരംഭിച്ച് 6 ന് അവസാനിക്കും. ഒന്നാം തീയതി 6.30 ന് പ്രഭാത നമസ്കാരം, നവീകരിച്ച ദൈവാലയത്തിൻറെ കൂദാശ 7.30 ന് വിശുദ്ധ മൂന്നിന്മേൽ കുർബാന മൂവാറ്റുപുഴ മേഖല മെത്രാപോലിത്ത ഡോ.മാത്യൂസ് മോർ അന്തിമോസ് മുഖ്യകാർമ്മികത്വം വഹിക്കും. 9 ന് കൊടിയേറ്റ്, വൈകിട്ട് 5.45 മലങ്കര മെത്രാപ്പോലീത്ത ജോസഫ് മാർ ഗ്രിഗോറിയോസിന് സ്വീകരണം 6 ന് സന്ധ്യാനമസ്കാരം പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ്ബാവായുടെ കയ്യൊപ്പ് ചാർത്തിയ ദാരുഫലകത്തിൻറെ അനാച്ഛാദനം മലങ്കര മെത്രാപ്പോലീത്ത നിർവ്വഹിക്കും. തുടർന്ന് ശതോത്തര സുവർണ്ണ ജൂബിലി പൊതുസമ്മേളനം കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടെ അനുസ്മരണം സ്വാഗതം വികാരി ഫാ. ജോർജ്ജ്മാന്തോട്ടം കോർ എപ്പിസ്കോപ്പ, ഡോ. മാത്യൂസ് മോർ അന്തിമോസ് മെത്രാപോലീത്ത അദ്ധ്യക്ഷത വഹിക്കും. പൊതുസമ്മേളനം മലങ്കര മെത്രാപ്പോലീത്തജോസഫ് മോർ ഗ്രീഗോറിയോസ് ഉദ്ഘാടനം നിർവ്വഹിക്കും. മുഖ്യപ്രഭാഷണവും ശതോത്തര സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഇടവക നിർമ്മിച്ചു നൽകുന്ന ഭവനത്തിൻറെ താക്കോൽ ദാനം കേരള ഹൈക്കോടതി റിട്ട. ജഡ്ജ് ബി. കെമാൽ പാഷ നിർവ്വഹിക്കും. സുവനീർ പ്രകാശനം അഡ്വ.ഡീൻ കുര്യാക്കോസ് എം.പി. ഡയാലിസിസ് കൂപ്പൺ വിതരണോദ്ഘാടനം ഡോ. മാത്യു കുഴലനാടൻ എം.എൽ.എ., മാമോഗ്രാം ടെസ്റ്റ് കൂപ്പൺ വിതരണോദ്ഘാടനം പി.പി. എൽദോസ് മൂവാറ്റുപുഴ മുനിസിപ്പൽ ചെയർമാൻ, പി.എസ്.എ ടെസ്റ്റ് കൂപ്പൺ വിതരണോദ്ഘാടനം കെ.പി അബ്രഹാം വാളകം ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് നിർവ്വഹിക്കും. യാക്കോബായ സഭ അൽമായ ട്രസ്റ്റി കമാണ്ടർ തമ്പു ജോർജ് തുകുലൻ, സഭാ സെക്രട്ടറി ജേക്കബ് സി. മാത്യു എന്നിവർ ആശംസകൾ അർപ്പിക്കും. 2000 മുതലുള്ള ഇടവകയിലെ മുൻ വികാരിമാരെയും 25 വർഷം സേവനം പൂർത്തിയാക്കിയ സണ്ടേസ്കൂൾ അധ്യാപകരേയും ആദരിക്കും. രാത്രി 9.30 ന് നേർച്ചസദ്യ 2 ന് 6.30 ന് പ്രഭാത നമസ്കാരം 7.30 ന് വി. മൂന്നിന്മേൽ കുർബ്ബാന ഡോ. ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികനാകും. വൈകിട്ട് 6 ന്

സന്ധ്യാനമസ്കാരം, ഭക്തസംഘടനകളുടെ സംയുക്ത വാർഷികം സഹവികാരി സ്വാഗതം ഫാ.ബിജു വർക്കി കൊരട്ടിയിൽ ഫാ. ജോർജ്ജ് മാന്തോട്ടം കോർ എപ്പിസ്കോപ്പ അദ്ധ്യക്ഷത വഹിക്കും. ഉദ്ഘാടനം ഡോ. മാത്യൂസ് മോർ അന്തിമോസ് മെത്രാപോലീത്ത നിർവ്വഹിക്കും. മുഖ്യസന്ദേശം യാക്കോബായ സഭ വൈദീക ട്രസ്റ്റി ഫാ. റോയി ജോർജ്ജ് കട്ടച്ചിറ രാത്രി 9.30 ന് നേർച്ചസദ്യ, 3 ന് 6.30 ന് പ്രഭാത നമസ്കാരം 7.30 ന് വി.മൂന്നിന്മേൽ കുർബ്ബാന യാക്കോബ് മോർ അന്തോണിയോസ് മെത്രാപ്പോലീത്ത മുഖ്യ കാർമ്മികനാകും. വൈകിട്ട് 6 ന് മേമ്പൂട്ടിൽ നിന്നും പള്ളി സാധനങ്ങൾ ആഘോഷമായി പള്ളിയകത്തേക്ക് കൊണ്ടുവരുന്നു. 6.30 ന് സന്ധ്യാനമസ്കാരം 7.30 ന് പ്രസംഗം രാത്രി 8.00 ന് പ്രദക്ഷിണം: പാങ്കുളങ്ങരയിലുള്ള പരി.സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായുടെ നാമത്തിലുള്ള കുരിശുപള്ളിയിലേക്ക് വഴിപാട് ലേലം, 9.30 ന് ആശീർവ്വാദം, നേർച്ചസദ്യ, 4 ന് 6.30 ന് പ്രഭാത നമസ്കാരം 7.30 ന് വി. മൂന്നിന്മേൽ കുർബ്ബാന ഐസക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത മുഖ്യ കാർമ്മികനാകും. വൈകിട്ട് 6.30 ന് സന്ധ്യാനമസ്കാരം, 7.30 ന് പ്രസംഗം 8.00 ന് പ്രദക്ഷിണം അമ്പലംപടി, മേക്കടമ്പ് കുരിശുപള്ളിയിലേക്ക്, 9.30 ന് നേർച്ചസദ്യ, 5 ന് 7.30 ന് പ്രഭാത നമസ്കാരം, 8.30 ന് വി. മൂന്നിന്മേൽ കുർബ്ബാന, മാത്യൂസ് മോർ അഫ്രേം മെത്രാപ്പോലീത്ത മുഖ്യ കാർമ്മികനാകും. 11.00 ന് പ്രദക്ഷിണം മോർ കൗമാ കുരിശുപള്ളിയിലേക്ക്, തിരുശേഷിപ്പ് വണങ്ങൽ, നെയ്യപ്പ നേർച്ച കുരിശുപള്ളിയിൽ ഉച്ചയ്ക്ക് 12.00 ന് നേർച്ചകഞ്ഞി 6.30 ന് സന്ധ്യാനമസ്കാരം 7.30 ന് പ്രസംഗം ഡോ.മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്ത, 8.00 ന് പ്രദക്ഷിണം ഈസ്റ്റ് കടാതി സെ. ജോർജ് കുരിശുപള്ളിയിലേക്ക്, രാത്രി 10.30 നേർച്ചസദ്യ. സമാപന ദിവസമായ 6 ന് 7 മണിക്ക് പ്രഭാത നമസ്കാരം 8.00 ന് ദനഹാ ശുശ്രൂഷ 9.00 ന് വി. മൂന്നിന്മേൽ കുർബ്ബാന. ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത മുഖ്യ കാർമ്മികത്വത്തിലും, ഡോ. മാത്യൂസ് മോർ അന്തീമോസ്, മാത്യൂസ് മോർ തിമോഥിയോസ് മെത്രാപ്പോലീത്തമാരുടെ സഹകാർമ്മികത്വത്തിലും.

11.00 ന് പ്രദക്ഷിണം, ആശീർവ്വാദം ഉച്ചയ്ക്ക് 12.00 ന് നേർച്ചസദ്യ 12.30 ന് വഴിപാട് ലേലം 1.00 ന് കൊടിയിറക്ക്, പള്ളി സാധനങ്ങൾ തിരികെ മേമ്പൂട്ടിലേക്ക്. പത്രസമ്മേളനത്തിൽ വികാരിമാരായ ഫാ. ജോർജ്ജ് മാന്തോട്ടം കോർ എപ്പിസ്കോപ്പ, ഫാ. ബിജു വർക്കി കൊരട്ടിയിൽ, ട്രസ്റ്റിമാരായ അജി പി.എസ്. പാണ്ട്യാൻമലയിൽ, എൽദോ പോൾ വാഴത്തോട്ടത്തിൽ, പബ്ലിസിറ്റി കൺവീനർ അജി വർഗീസ് മൂലയിൽ എന്നിവർ പങ്കെടുത്തു.

# തേവര പള്ളിയിൽ നവനാൾ ഇന്ന് മുതൽ

**കൊച്ചി.** തേവര സെന്റ് ജോസഫ് പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാളിന് ഒരുക്കമായിട്ടുള്ള നവനാൾ ഇന്ന് തുടങ്ങി ജനുവരി 7 ചൊവ്വാഴ്ച അവസാനിക്കും. ഇന്ന് ഫാ. നിബിൻ കുര്യാക്കോസ്, 31 ചൊവ്വാഴ്ച ഫാ.ആൽബിൻ ഫ്രാൻസിസ്, ജനുവരി 1 ബുധനാഴ്ച ഫാ. ബൈജു കുറ്റിക്കൽ, 2 വ്യാഴാഴ്ച ഫാ. നെൽസൺ ജോബ് കളപ്പുരക്കൽ, 3 വെള്ളിയാഴ്ച ഫാ. ജോളി തപ്പലോടത്ത്, 4 ശനിയാഴ്ച ഫാ. സോണി കളത്തിൽ, 5 ഞായറാഴ്ച ഫാ. ജോജി കുത്തുകാട്ട്, 6 തിങ്കളാഴ്ച ഫാ.വില്യം ചാൾസ് തൈക്കൂട്ടത്തിൽ, 7 ചൊവ്വാഴ്ച ഫാ.ഷിനോജ് റാഫേൽ ആറാംചേരി എന്നിവർ കുടുംബങ്ങൾക്കും, ദൈവവിളിക്കും, തൊഴിലാളികൾക്കും, രോഗികൾക്കും, സമർപ്പിതർക്കും, ലഹരി വിമുക്തിക്കും, വിദ്യാർത്ഥികൾക്കും, ദമ്പതികൾക്കും, ലോകസമാധാനത്തിനും വേണ്ടി നിയോഗങ്ങൾ സമർപ്പിച്ച് യഥാക്രമം വൈകുന്നേരം അഞ്ച് മുപ്പതിന് ദിവ്യബലിക്കും, നൊവേനക്കും, ആരാധനയ്ക്കും മുഖ്യകാർമികത്വം വഹിക്കും.

# സംസ്ഥാന സ്കൂൾ കലോത്സവത്തിന് വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തി: മന്ത്രി വി.ശിവൻകുട്ടി

**തിരുവനന്തപുരം:** ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവം മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞതായി പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. കലോത്സവത്തിൽ ഉടനീളം അച്ചടക്കം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. കലോത്സവത്തിന് കളങ്കമുണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ അച്ചടക്ക ലംഘനമായി കണക്കാക്കും. 63 മത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി ശിക്ഷക് സദനിൽ ചേർന്ന സംഘാടക സമിതി കൺവീനർമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

മേളയുടെ ഉദ്ഘാടനം ജനുവരി 4 നു രാവിലെ 10 മണിക്ക് മുഖ്യ വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഒൻപതര മിനിറ്റ് ദൈർഘ്യമുള്ള കലോത്സവ സ്വാഗതഗാനത്തോടൊപ്പം കലാമണ്ഡലം ചിട്ടപ്പെടുത്തിയ നൃത്താവിഷ്ക്കാരം വേദിയിൽ അവതരിപ്പിക്കും. ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് വയനാട്, വെള്ളാർമല സ്കൂളിലെ വിദ്യാർഥികൾ നൃത്ത ശിൽപ്പമൊരുക്കും. നഗരത്തിലെ 25 വേദികളിലായി 249 ഇനങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. പതിനയ്യായിരം കലാപ്രതിഭകൾ മേളയിൽ മാറ്റുരയ്ക്കും. ഉദ്ഘാടന, സമാപന ചടങ്ങുകൾക്ക് 10000 വിദ്യാർഥികൾ പങ്കെടുക്കും. മത്സരം നടക്കുന്ന 25 വേദികളിലും കായിക മേളയ്ക്ക് സമാനമായി ജനനേതാക്കളെ പങ്കെടുപ്പിച്ചു സംഘാടക സമിതി രൂപീകരിക്കും. പ്രചാരണത്തിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും കലോത്സവത്തിന്റെ പോസ്റ്ററുകൾ, ബാനർ എന്നിവ പ്രദർശിപ്പിക്കണമെന്നും മന്ത്രി നിർദേശിച്ചു.

സ്വർണ കപ്പ് കാസർഗോഡ് നിന്നും പുറപ്പെട്ട് തിരുവനന്തപുരം നഗരാതിർത്തിയിൽ പ്രവേശിക്കുമ്പോൾ പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിന് മുന്നിൽ സ്വീകരണം ഒരുക്കും.

ഡിസംബർ 30, 31 തീയതികളിൽ സ്കൂൾ തലത്തിൽ കലോത്സവത്തിന് വേണ്ടിയുള്ള ഭക്ഷ്യവസ്തുക്കൾ ശേഖരിക്കും. ജനുവരി ഒന്നിന് വിവിധ സ്കൂളുകളിൽ നിന്നും ശേഖരിച്ച ഭക്ഷ്യവസ്തുക്കൾ ബി ആർ സി യിലേക്ക് എത്തിക്കുകയും എം എൽ എ മാരുടെ സാന്നിദ്ധ്യത്തിൽ ഏറ്റുവാങ്ങുകയും ചെയ്യും. ജനുവരി 2 ന് പന്ത്രണ്ട് ബി ആർ സി കളിൽ നിന്നും പുത്തരിക്കണ്ടത്ത് എത്തിക്കുന്ന ഭക്ഷ്യവസ്തുക്കൾ സംഘാടക സമിതി ചെയർമാനായ മന്ത്രി ജി ആർ അനിൽ ഏറ്റുവാങ്ങും. ജനുവരി 3 ന് രാവിലെ 10.30 ന് ഊട്ടുപുരയുടെ പാലുകാച്ചൽ മന്ത്രി വി ശിവൻകുട്ടി പുത്തരിക്കണ്ടത്ത് നിർവഹിക്കും. അന്ന് വൈകിട്ട് മുതൽ ഭക്ഷണം വിതരണം ചെയ്ത് തുടങ്ങും. ജനുവരി 4ന് പ്രഭാത ഭക്ഷണം ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ വിളമ്പി ഉദ്ഘാടനം ചെയ്യും.

സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി നഗരത്തിൽ എത്തുന്ന വിദ്യാർഥികൾക്ക് നഗരത്തിലെ സ്കൂളുകളിൽ തന്നെ മികച്ച താമസസൗകര്യം ഒരുക്കും. സുരക്ഷിതമായ താമസസൗകര്യത്തിനായി 25 കേന്ദ്രങ്ങളും 10 റിസർവ് കേന്ദ്രങ്ങളുമുണ്ട്. വിദ്യാർഥികൾക്ക് ബാർകോഡ് സ്കാൻ ചെയ്താൽ അക്കോമഡേഷൻ ചാർട്ടും, ലൊക്കേഷനും, ബന്ധപെടേണ്ട നമ്പറും ഉൾപ്പടെയുള്ള വിവരങ്ങൾ ലഭിക്കുന്ന സജ്ജീകരണമാണ് തയാറാക്കുന്നത്.

നഗരപരിധിയിലെ മുഴുവൻ സ്കൂളുകളുടെയും ബസുകൾ കലോത്സവത്തിനായി ഏറ്റെടുത്തിട്ടുണ്ട്. കലോത്സവം നടക്കുന്ന 25 വേദികളിലും എൻ സി സി, എസ് പി സി കേഡറ്റുകളെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ വോളണ്ടിർമാരായി നിയോഗിക്കും. കലോത്സവത്തിന് എത്തുന്നത് മുതൽ തിരികെ പോകുന്നത് വരെ എല്ലാ കാര്യങ്ങൾക്കും വോളണ്ടിയർമാരുടെ സേവനം ലഭ്യമാക്കും.

സ്റ്റേജ് നിർമാണങ്ങൾ ജനുവരി ഒന്നിന് തന്നെ പൂർത്തിയാക്കും. എല്ലാ വേദികളിലും ശുദ്ധീകരിച്ച കുടിവെള്ളം വിതരണം, ഓരോ ദിവസവുമുള്ള മാലിന്യനിർമാർജനം എന്നിവക്കും ക്രമീകരണമായി. മൂന്നാം തീയതി മുതൽ വിവിധ ജില്ലകളിൽ നിന്നെത്തുന്ന വിദ്യാർഥികളെ റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റാൻഡിലും സ്വീകരിക്കുന്നതിനും താമസ സ്ഥലത്ത് എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വേദികളിലും താമസസ്ഥലത്തും ആംബുലൻസ് സംവിധാനം ഉറപ്പാക്കും. രണ്ടു മൂന്നു വേദികൾ സംയോജിപ്പിച്ച് ഫയർ ആൻഡ് റെസ്ക്യൂ സേവനവുമുണ്ടാവും.

ഗ്രീൻ റൂമിൽ ഫോട്ടോഷൂട്ട് അനുവദിക്കില്ല. പകരം ഫോട്ടോ എടുക്കുന്നതിനായി പ്രത്യേക സംവിധാനം പുറത്ത് ഒരുക്കും. മത്സര ഇനത്തിൽ പേര് വിളിക്കുന്ന സമയത്ത് ഹാജരായില്ലെങ്കിൽ പിന്നീട് അവസരം നൽകില്ല. കൃത്യസമയത്ത് തന്നെ മത്സരം തീർക്കുന്ന തരത്തിലാണ് ഇത്തവണ ഒരുക്കങ്ങൾ എല്ലാം പൂർത്തിയാക്കിയിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.

യോഗത്തിൽ മന്ത്രിയും സ്വാഗതസംഘം ചെയർമാനുമായ ജി ആർ അനിൽ, എം എൽ എ മാരും വിവിധ കമ്മിറ്റികളുടെ ചെയർമാൻമാരുമായ ആന്റണി രാജു, കടകംപള്ളി സുരേന്ദ്രൻ, ഐ ബി സതീഷ്, ഒ എസ് അംബിക, എം വിൻസെന്റ്, വി കെ പ്രശാന്ത് തുടങ്ങിയവരും അധ്യാപക, ഉദ്യോഗസ്ഥ പ്രതിനിധികളും പങ്കെടുത്തു.

# ജംഷഡ്പുരിനു മുന്നിലും കേരള ബ്ലാസ്റ്റേഴ്സ് വീണു

**ജംഷഡ്പുർ:** ആൽബിനോ ഗോമസ് ജംഷഡ് പൂരിന്റെ ഗോൾവലയ്ക്കു മുന്നിൽ വൻമതിലായപ്പോൾ എവേ മൽസരം വിജയം കണ്ട് കളത്തിലിറങ്ങിയ കേരള ബ്ലാസ്റ്റേഴ്സിന് പരാജയത്തിന്റെ കൈയ്പ്പു നീര്. എതിരില്ലാത്ത ഒരു ഗോളിനാണ് ജംഷഡ്പൂർ കേരള ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തിയത്.തകർത്തുകളിച്ചിട്ടും ജംഷഡ്പുർ ഗോൾ കീപ്പർ ആൽബിനോയുടെ മിന്നുന്ന പ്രകടനം ബ്ലാസ്റ്റേഴ്സിനെ തടയുകയായിരുന്നു. 14 കളിയിൽ 14 പോയിന്റുമായി പത്താമതാണ് ടീം. അവസാന കളിയിൽ നിന്ന് മാറ്റങ്ങളുമായാണ് ബ്ലാസ്റ്റേഴ്സ് ഇറങ്ങിയത്. റുയ്വാ ഹോർമിപാമിന് പകരം പ്രീതം കോട്ടൽ തിരിച്ചെത്തി. ഗോൾ വലയ്ക്ക് മുന്നിൽ സച്ചിൻ സുരേഷ്. പ്രതിരോധത്തിൽ പ്രീതം കോട്ടൽ, സന്ദീപ് സിങ്, മിലോസ് ഡ്രിൻസിച്ച്, ഹുയ്ദ്രോം നവോച്ച സിങ്. മധ്യനിരയിൽ അഡ്രിയാൻ ലൂണ, ഫ്രെഡി ലല്ലാംമാവ്മ, ഡാനിഷ് ഫാറൂഖ്. മുന്നേറ്റത്തിൽ നോഹ സദൂയ്, കോറു, പെപ്ര. ജംഷഡ്പുർ ഗോൾവലയ്ക്ക് മുന്നിൽ ആൽബിനോ ഗോമസ്. പ്രതിരോധത്തിൽ പ്രതീക് ചൗധരി, സ്റ്റീഫൻ എസെ, മുഹമ്മദ് ഉവൈസ്. മധ്യനിരയിൽ റെയ് ടച്ചിക്കാവ, ഹാവിയർ ഹെർണാണ്ടസ്, സൗരവ് ദാസ്. മുന്നേറ്റത്തിൽ നിഖിൽ ബാർല, ജോർദാൻ മറെ, മുഹമ്മദ് സനാൻ, ഇമ്രാൻ ഖാൻ.



കളിയുടെ നാലാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് ഗോളിന് അരികെയെത്തി. ജംഷഡ്പുർ പ്രതിരോധത്തിന്റെ മിസ് പാസ് പിടിച്ചെടുത്ത് മുന്നേറിയ പെപ്ര നോഹയ്ക്ക് പന്ത് നൽകി. അപ്പോഴേക്കും ആൽബിനോ ജംഷഡ്പുരിന്റെ രക്ഷയ്ക്കെത്തി. തൊട്ടടുത്ത നിമിഷം നോഹയുടെ തകർപ്പൻ ഷോട്ട് ആൽബിനോ പിടിച്ചെടുത്തു. തുടർന്നും കളത്തിൽ ബ്ലാസ്റ്റേഴ്സിന്റെ ആധിപത്യമായിരുന്നു. പെപ്രനോഹലൂണ സഖ്യം നിരന്തരം പന്തുമായി മുന്നേറി. എന്നാൽ നിറഞ്ഞുകളിച്ചെങ്കിലും ആദ്യപകുതിയിൽ പന്ത് വലയിലാക്കാനായില്ല.

ഇടവേളയ്ക്കുശേഷവും കിടയറ്റ പ്രകടനമായിരുന്നു. ലൂണയുടെയും പെപ്രയുടെയും ശ്രമങ്ങളെ പ്രതിരോധം തടഞ്ഞു. ഡ്രിൻസിച്ചിന്റെ ഹെഡർ ആൽബിനോ തട്ടിയകറ്റുകയായിരുന്നു. നവോച്ചയുടെ വളഞ്ഞിറങ്ങിയ ഷോട്ട് ആൽബിനോ പറന്നുതടുത്തു. ബ്ലാസ്റ്റേഴ്സ് ആക്രമണങ്ങൾക്ക് മുന്നിൽ ആൽബിനോ മതിലായി മാറുകയായിരുന്നു. ജംഷഡ്പുരിന് ലക്ഷ്യത്തിലേക്കുള്ള ഒറ്റ ഷോട്ട് പോലും പായിക്കാനായില്ല. പക്ഷേ, അവരുടെ ലക്ഷ്യത്തിലേക്കുള്ള ആദ്യശ്രമം ഗോളിലേക്കായി. 61 ആം മിനിറ്റിൽ കോർണറിൽ തട്ടിത്തെറിച്ച പന്ത് പ്രതീക് ശക്തമായി വലയിലേക്ക് തൊടുത്തു. പിന്നാലെ നോഹയുടെ മറ്റൊരു ഷോട്ടും ആൽബിനോ തടഞ്ഞു.എഴുപതാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് രണ്ട് മാറ്റങ്ങൾ വരുത്തി. കോറുവിന് പകരം റെന്ത്ലെയിയും സന്ദീപിന് പകരം ഐബമ്പ ഡോഹ്ലിങ്ങുമെത്തി. തുടർന്നും ജംഷഡ്പുർ ഗോൾ കീപ്പർ ബ്ലാസ്റ്റേഴ്സിന് വഴി നൽകിയില്ല. 83ാം മിനിറ്റിൽ ഡാനിഷ് പകരം കെ.പി രാഹുൽ എത്തി ആക്രമണനിരയ്ക്ക് മൂർച്ച കൂട്ടി. അവസാന നിമിഷംവരെ ആഞ്ഞുശ്രമിച്ചെങ്കിലും ബ്ലാസ്റ്റേഴ്സിന് ലക്ഷ്യം കാണാനായില്ല. ജനുവരി അഞ്ചിന് പഞ്ചാബ് എഫ്സിയുമായാണ് അടുത്ത കളി.

## വരാപ്പുഴ രൂപത ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം

**കൊച്ചി:** പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനം അനുസരിച്ച് 2024 ഡിസംബർ 29 ഞായർ , ഇന്ന് എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ ദേവാലയത്തിൽ വച്ച് വരാപ്പുഴ മെത്രാപ്പോലീത്ത ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.സഹായ മെത്രാൻ ആൻറണി വാലുങ്കൽ മുഖ്യ സഹകാർമികനായി. വരാപ്പുഴ അതിരൂപതയിലെ എല്ലാ വൈദികരും സന്യസ്ഥരും പങ്കെടുത്ത മഹാസംഗമം ഒരു വർഷത്തെ ജൂബിലി ആഘോഷങ്ങൾക്കാണ് തുടക്കം കുറിക്കുന്നത്. ജൂബിലിയുടെ തുടക്കം കുറിച്ച് ജൂബിലി പതാക ഉയർത്തി, പ്രത്യാശയുടെ പ്രതീകമായ ജൂബിലി കുരിശ് അഭിവന്ദ്യ മെത്രാപ്പോലീത്ത ആശീർവദിച്ചു. തുടർന്ന് അതിരൂപതയിൽ ഭൂരഹിതർക്കായി എല്ലാ ഇടവകകളിലും സാധിക്കുന്ന വിധം ജൂബിലി ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള പ്രഖ്യാപനം നടത്തി. ജൂബിലി വർഷത്തിന്റെ പ്രധാന പരിപാടിയായി എല്ലാ ഇടവകകളിലേക്കും അതിരൂപത കത്തീഡ്രൽ നിന്നും ആത്മീയ മുന്നേറ്റത്തിന്റെ അടയാളമായി ജൂബിലി കുരിശിൻറെ പ്രയാണം നടത്തും.

2025 ഡിസംബർ മാസത്തിൽ അൽമായ കമ്മീഷന്റെ നേതൃത്വത്തിലുള്ള അതിരൂപതല അൽമായ സംഗമവും സമുദായ ദിന ആചരണവും നടത്തപ്പെടും. പ്രത്യാശയുടെ അടയാളമായ ജൂബിലി കുരിശിന്റെ ഇടവക പ്രയാണത്തിനുശേഷം ഡിസംബർ 28ന് ഞായറാഴ്ച കത്തിഡ്രൽ ദേവാലയത്തിൽ എത്തിച്ചേരും. തുടർന്ന് അർപ്പിക്കപ്പെടുന്ന സമൂഹ ദിവ്യബലിയോടെ ഒരു വർഷം നീളുന്ന ജൂബിലി വർഷാചരണത്തിന് തിരശ്ശീല വീഴും.



രത്തൻ ടാറ്റയുടെ 87ാം ജന്മദിനാചരണത്തിൻറെ ഭാഗമായി ടാറ്റാ ഗ്രൂപ്പിൻറെ ആസ്ഥാനമായ ബോംബെ ഹൗസിൽ നടന്ന ചടങ്ങിൽ ടാറ്റ സൺസ് ചെയർമാൻ എൻ ചന്ദ്രശേഖരൻ രത്തൻ ടാറ്റയുടെ പ്രതിമ അനാച്ഛാദനം ചെയ്യുന്നു.

# 2024 ൽ ഇറങ്ങിയത് 204 ചിത്രങ്ങൾ; സാമ്പത്തിക നേട്ടം 26 ചിത്രങ്ങൾക്ക് മാത്രം

**കൊച്ചി:** 2024 ൽ റിലീസ് ചെയ്ത 199 പുതിയ ചിത്രങ്ങിൽ സാമ്പത്തിക ലാഭം നേടിയത് 26 ചിത്രങ്ങൾ മാത്രമെന്ന് നിർമ്മാതക്കളുടെ സംഘടനയായ കേരള ഫിലിം പ്രൊഡ്യുസേഴ്സ് അസോസിയേഷൻ. ആയിരം കോടിയോളം മുതൽ മുടക്കിൽ 199 പുതിയ ചിത്രങ്ങളും റീമാസ്റ്റർ ചെയ്ത അഞ്ചു പഴയ ചിത്രങ്ങളുമടക്കം 204 ചിത്രങ്ങളാണ് 2024 ൽ ഇറങ്ങിയത്. ഇതിൽ 26 ചിത്രങ്ങൾ മാത്രമാണ് സൂപ്പർഹിറ്റ് , ഹിറ്റ്, ആവറേജ് ഹിറ്റ് എന്നീ നിലകളിൽ പ്രകടനം കാഴ്ച്ചവെച്ചത്. ബാക്കിയുള്ളവ തീയേറ്ററുകളിൽ ഒരു ചലനവും സൃഷ്ടിക്കാതെ കടന്നുപോയി. 26 ചിത്രങ്ങളിൽ നിന്നും നിന്നും 300 മുതൽ 350 വരെ കോടി രൂപ ലാഭം ഉണ്ടായെങ്കിൽ ബാക്കിയുള്ള ചിത്രങ്ങളിൽ നിന്നായി 650 മുതൽ 700 കോടിവരെ നഷ്ടമായിരുന്നുവെന്നും നിർമ്മാതാക്കളുടെ സംഘടന വ്യക്തമാക്കി. 24 വർഷങ്ങൾക്കു ശേഷം റീമാസ്റ്റർ ചെയ്ത് റിലീസ് ചെയ്ത ദേവദൂതൻ എന്ന ചിത്രത്തിന് സാമാന്യം ഭേദപ്പെട്ട കളക്ഷൻ തീയറ്ററുകളിൽ നിന്നും നേടാൻ സാധിച്ചു. തീയേറ്റർ വരുമാന ത്തിന് പുറമെ ലഭിക്കേണ്ട ഇതര വരുമാനങ്ങൾ അടഞ്ഞിരിക്കുന്ന സാഹചര്യ ത്തിൽ സിനിമയുടെ നിർമ്മാണ ചിലവ് സൂക്ഷ്മമായി പരിശോധിച്ച് കുറവ് ചെയ്യേണ്ട സാഹചര്യമാണ് നിർമ്മാതാക്കളുടെ മുന്നിലുള്ളതെന്നും അസോസിയേഷൻ വ്യക്തമാക്കി. എന്നാൽ അഭിനേതാക്കൾ പ്രതിഫലം ഗണ്യമായി വർധിപ്പിക്കുന്നത് നിയന്ത്രിക്കാൻ നിർമ്മാതാക്കൾക്ക് സാധിക്കുന്നില്ല. വിഷയം മനസിലാക്കി സഹകരിക്കാൻ അഭിനേതാക്കൾ തയ്യാറാകാത്തതും സിനിമാ വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയാണെന്നും അസോസിയേഷൻ ഭാരവാഹികൾ വ്യക്തമാക്കി. 2023 ന് പിന്നാലെ 2024 ലും 200 ലധികം ചിത്രങ്ങൾ തിയ്യറ്ററിൽ റിലീസ് ചെയ്തുവെങ്കിലും നഷ്ടത്തിന്റെ കണക്കുകൾ ആവർത്തിക്കപ്പെടുകയാണ്. ചിത്രങ്ങളുടെ എണ്ണത്തിലല്ല മറിച്ച് മികച്ച ഉള്ളകടക്കവും അവതരണവുമുള്ള ചിത്രങ്ങളാണ് പ്രേക്ഷകർക്ക് താൽപര്യമെന്ന് തെളിയിക്കുന്ന വർഷമാണ് കടന്നു പോകുന്നതെന്നും വരും വർഷമത്തിൽ കുടുതൽ സാമ്പത്തിക അച്ചടക്കവും നേട്ടവും സിനിമാ വ്യവസായത്തിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷയെന്നും അസോസിയേഷൻ സെക്രട്ടറി ബി.രാഗേഷ് വ്യക്തമാക്കി.

# കോർപ്പറേഷൻ ഗ്ലോബൽ ജോബ് ഫെയർ; പിന്തുണയുമായി വ്ളോഗർമാർ

**കണ്ണൂർ:** മുനിസിപ്പൽ കോർപ്പറേഷൻ ജനുവരി 11, 12 തീയ്യതികളിൽ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തുന്ന ഗ്ലോബൽ ജോബ് ഫെയറിന് പൂർണ പിന്തുണയുമായി വ്ളോഗേഴ്സ് കൂട്ടായ്മ. സമൂഹമാധ്യമങ്ങളിലെ താരങ്ങളായ മുപ്പതോളം താരങ്ങളാണ് ഗ്ലോബൽ ജോബ് ഫെയറിന്റെ പ്രചാരകരാകാൻ സന്നദ്ധത അറിയിച്ചെത്തിയത്. വരുംദിവസങ്ങളിൽ ഗ്ലോബൽ ജോബ് ഫെയറുമായി ബന്ധപ്പെട്ട പ്രചരണത്തിൽ വ്ളോഗർമാരുമുണ്ടാകും. ഇതുമായി ബന്ധപ്പെട്ട് മേയർ മുസ്‌ലിഹ് മഠത്തിലിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് വ്ളോഗർമാർ ഇക്കാര്യം വ്യക്തമാക്കിയത്. നാടിന് ഉപകാരപ്പെടുന്ന കോർപ്പറേഷന്റെ ഇത്തരം പ്രവർത്തനങ്ങൾ മാതൃകാപരമെന്ന് വ്ളോഗർമാർ പറഞ്ഞു. 29ന് ഞായറാഴ്ച വൈകിട്ട് പയ്യാമ്പലം ബീച്ചിൽ നടക്കുന്ന വാക് വിത്ത് മേയർ പരിപാടിയിലും വ്ഗോളർമാർ പങ്കെടുക്കും. കൂടാതെ പ്രചരണ ക്യാമ്പയിന്റെ ഭാഗമായുള്ള എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കും. ലോകത്തെ തന്നെ മുൻനിര സെലിബ്രിറ്റികളേക്കാൾ യൂട്യൂബ് സബ്സ്ക്രൈബഴ്സുള്ള മയ്യിൽ പാവന്നൂർ മൊട്ടയിലെ കെഎൽ ബ്രോ ബിജു റിഥികിനെ ചടങ്ങിൽ മേയർ ആദരിച്ചു. ഡെപ്യൂട്ടി മേയർ അഡ്വ. പി ഇന്ദിര, സ്ഥിരംസമിതി അധ്യക്ഷരായ ഷാഹിന മൊയ്തീൻ, സിയാദ് തങ്ങൾ, സുരേഷ് ബാബു എളയാവൂർ, ചേമ്പർ സെക്രട്ടറി സി അനിൽകുമാർ, ട്രഷറർ കെ നാരായണൻകുട്ടി, വ്ളോഗർമാരായ ജിനീഷ് വയലപ്ര, റഫ്സീന ബീഗം, ഷാഫി മുണ്ടേരി, വി കെ ആദിത്യൻ, ത്വഹ പുറത്തീൽ തുടങ്ങിയവർ സംസാരിച്ചു.

ക്യാമ്പയിന്റെ ഭാഗമായി വേറിട്ട വിവിധ പരിപാടികളാണ് നടന്നുകൊണ്ടിരിക്കുന്നത്.

ഉദ്യോഗാർഥികൾക്ക് www.kannurglobaljobfair.com എന്ന വെസ്‌ബൈറ്റിലൂടെ ഗ്ലോബൽ ജോബ് ഫെയറിനായി രജിസ്റ്റർ ചെയ്യാം. തൊഴിലധിഷ്ഠിത എക്സ്പോ, എജ്യുക്കേഷൻ ആൻഡ് കരിയർ ഫെസ്റ്റിവൽ, ആഗോള തൊഴിൽ വിപണിയെ പരിചയപ്പെടുത്തുന്ന സ്റ്റാളുകൾ, പ്രസന്റേഷനുകൾ, കോർപറേറ്റ് മേഖലയിലെ പ്രമുഖരുമായി മുഖാമുഖം, വിദേശങ്ങളിൽ തൊഴിലിനൊപ്പം ഉപരിപഠനവും ആഗ്രഹിക്കുന്നവർക്കുള്ള മാർഗനിർദ്ദേശങ്ങൾ തുടങ്ങിയ നിരവധി സെഷനുകളും ജോബ് ഫെയറിന്റെ ഭാഗമായി നടക്കും.

# ബിടിവി സേവനം അവതരിപ്പിച്ച് ബിഎസ്എൻഎൽ

**ന്യൂഡൽഹി:** ഇന്ത്യൻ ടെലികോം രംഗത്ത് മറ്റൊരു മുന്നേറ്റംകൂടി അടയാളപ്പെടുത്തി ബിഎസ്എൻഎൽ. തങ്ങളുടെ മൊബൈൽ വരിക്കാർക്കായി ബിഎസ്എൻഎൽ ഇപ്പോൾ ബിടിവി എന്നൊരു സേവനം അവതരിപ്പിച്ചിരിക്കുന്നു. കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിലാണ് ബിഎസ്എൻഎല്ലിൻറെ ബിടിവി ആദ്യം എത്തിയത്.

വൈകാതെ രാജ്യവ്യാപകമായി ബിടിവി സേവനം എത്തുമെന്ന് ബിഎസ്എൻഎൽ അറിയിച്ചു. ബിഎസ്എൻഎൽ സിം ഉപയോഗിക്കുന്നവർക്ക് മാത്രമാണ് ബിടിവി സേവനം ലഭ്യമാവുക. തുടക്കത്തിൽ ഒരു രൂപ പോലും ചെലവില്ലാതെ സൗജന്യമായാണ് ബിടിവി എൻറർടെയ്ൻമെൻറ് ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്നത്.

300ലധികം ലൈവ് ടിവി ചാനലുകൾ സ്മാർട്ട്ഫോൺ ഉപയോക്താക്കൾക്ക് ബിടിവി വാഗ്ദാനം ചെയ്യുന്നു. ലൈവ് ടിവി ചാനലുകൾക്കൊപ്പം, സിനിമകളും വെബ് സീരീസുകളും ഈ സേവനത്തിലൂടെ ബിഎസ്എൻഎൽ ഉപയോക്താക്കൾക്ക് ഫോണിൽ ആസ്വദിക്കാനാകും.

അധിക ചാർജുകളൊന്നും ഈടാക്കാതെ ഇത്രയധികം ടെലിവിഷൻ ചാനലുകൾ തത്സമയം മൊബൈൽ ഫോണുകളിൽ ബിഎസ്എൻഎൽ എത്തിക്കുന്നത് രാജ്യത്തെ ഡിടിഎച്ച്, കേബിൾ ടിവി മേഖലയ്ക്ക് ഭീഷണിയായേക്കുമെന്നാണ് വിലയിരുത്തുന്നത്.

ഒടിടി പ്ലാറ്റ്ഫോമുകളുടെ വളർച്ച ഇതിനകം ഡിടിഎച്ച് വ്യൂവർഷിപ്പിനെ ബാധിച്ചിട്ടുണ്ട്. ഇതിനു പുറമെ ബിഎസ്എൻഎൽ ലൈവ് ടിവി സേവനം സ്മാർട്ട്ഫോണുകളിലേക്ക് എത്തിക്കുന്നത് ഡിടിഎച്ച് രംഗത്തെ കൂടുതൽ പിന്നോട്ടടിച്ചേക്കും എന്നാണ് അനുമാനം.

2024ലെ ഇന്ത്യ മൊബൈൽ കോൺഗ്രസിൽ ബിഎസ്എൻഎൽ അവതരിപ്പിച്ച ഏഴ് പുത്തൻ സേവനങ്ങളിലൊന്നാണ് ബിടിവി. ഇക്കൂട്ടത്തിലുണ്ടായിരുന്ന ഫൈബർഅധിഷ്ഠിത ഇൻട്രാനെറ്റ് ടിവി സേവനമായ ഐഎഫ്ടിവി ബിഎസ്എൻഎൽ ഇതിനകം അവതരിപ്പിച്ചിട്ടുണ്ട്.

ബിഎസ്എൻഎലിൻറെ ബ്രോഡ്ബാൻഡ് ഉപഭോക്താക്കൾക്ക് സൗജന്യമായി 500ലധികം ലൈവ് ടിവി ചാനലുകൾ കാണാനാകുന്ന സേവനമാണ് ഐഎഫ്ടിവി. ഇതേ രീതിയിലുള്ള ഇൻട്രാനെറ്റ് ടിവി സേവനം മൊബൈൽ ഫോണുകളിലേക്ക് അവതരിപ്പിക്കുന്ന ബിഎസ്എൻഎൽ ഡി2എം പദ്ധതിയാണ് ബിടിവി.

# ഇൻഡിക്യൂബ് സ്പേയ്സസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സമഗ്രവും സുസ്ഥിരവും സാങ്കേതിക വിദ്യാധിഷ്ഠിതവുമായ പരിഹാരങ്ങളിലൂടെ പരമ്പരാഗത ഓഫീസ് അനുഭവത്തിന് മാറ്റം കൊണ്ടുവരുന്ന ഇൻഡിക്യൂബ് സ്പേയ്സസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

750 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 100 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡും ജെഎം ഫിനാൻഷ്യൽ ലിമിറ്റഡുമാണ് ഇഷ്യുവിൻറെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഫിസാറ്റ് എൻ എസ് എസ് സപ്ത ദിന ക്യാമ്പ് സമാപിച്ചു

**അങ്കമാലി:** ഫിസാറ്റ് എഞ്ചിനീയറിംഗ് കോളേജിലെ നാഷണൽ സർവീസ് സ്കീം വിദ്യാർത്ഥികളുടെ ഏഴു ദിവസം നീണ്ടു നിൽക്കുന്ന സപ്ത ദിന ക്യാമ്പ് സമാപിച്ചു. കൊടകര ഗ്രാമപഞ്ചായത്തിൽ നടന്ന ക്യാമ്പിൽ പഞ്ചായത്തിലെ പത്തു വാർഡുകളിലെ കാർബൺ പുറപ്പെടുവിക്കുന്ന വസ്തുക്കളുടെ ഉപയോഗവുമായി ബന്ധപെട്ടു നടത്തിയ സംസ്ഥാന തല സർവേയിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. വീടുകൾ തോറും കയറി ഇറങ്ങി ഓരോ വീടുകളിലും എങ്ങനെ കാർബൺ പുറപ്പെടുവിക്കുന്ന വസ്തുക്കളുടെ ഉപയോഗം എങ്ങനെ കുറക്കാം എന്ന് വിദ്യാർത്ഥികൾ പഠിപ്പിച്ചു. കൂടാതെ ലഹരിക്കെതിരെ കൂട്ടയോട്ടവും സംഘടിപ്പിച്ചു. സ്കൂൾ പരിസര നവീകരണം, റോഡ് സേഫ്റ്റി ബോധവത്കരണം, അംഗൻ വാടി നവീകരണം തുടങ്ങി നിരവധി പ്രവർത്തങ്ങളിൽ വിദ്യാർത്ഥികൾ ഏർപ്പെട്ടു ക്യാമ്പ് കൊടകര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സോമൻ ഉത്ഘാടനം ചെയ്തു. ചെയർമാൻ പി ആർ ഷിമിത്ത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പറുമാരായ സിബി സി ഡി, പ്രമീള ഗിരീശൻ, കൊടകര ഗ്രാമ പഞ്ചായത് സെക്രട്ടറി ബിന്ദു ജെ നായർ, എ ഇ എൽദോ സൈമൺ, ഫിസാറ്റ് പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ്, ഡീൻ ഡോ ജി ഉണ്ണികർത്ത, പബ്ലിക് റിലേഷൻസ് ഓഫീസർ ഷിന്റോ സെബാസ്റ്റ്യൻ, എൻ എസ് എസ് പ്രോഗ്രാം ഓഫീസറുമാരായ സാജൻ എസ്, ബീനു റിജു സ്റ്റുഡൻറ്സ് കോ ഓർഡിനേറ്ററുമാരായ അക്ഷയ് സുബാഷ് , ഹിബ ഇ എ, അഭിജിത്ത് പ്രദീപ്, ആദിത്യ അനിൽ എന്നിവർ പങ്കെടുത്തു.



# താജ് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ഹോട്ടൽ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** മാറുന്നകാലഘട്ടത്തിന് അനുസരിച്ച് നിരന്തരം നവീകരിക്കപ്പെടുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മാത്രമേ നിലനിൽപ്പുള്ളൂവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സിയാലിന്റെ പുതിയ സംരംഭമായ താജ് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് പഞ്ചനക്ഷത്ര ഹോട്ടൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നവമാധ്യമങ്ങൾ നിത്യജീവിതത്തിൽ സ്വാധീനം ചെലുത്തു ഇക്കാലത്ത് മികച്ച സേവനങ്ങൾ നൽകിയാൽ മാത്രം പോരാ. അവയുടെ ഗുണഫലങ്ങളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിയണം. ഉൽപ്പന്നവും സേവനവും ജനങ്ങളിലേയ്ക്ക് എത്തിയ്ക്കാൻ പ്രൊഫഷണൽ മാർക്കറ്റിങ് വേണമെന്ന സിയാലിന്റെ സമീപനം മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും മാതൃകയാണ്.മാർക്കറ്റിനെക്കുറിച്ച് മികച്ച ഗവേഷണം നടത്തിയശേഷം ആസൂത്രണത്തോടെ ഒരു പദ്ധതി നടപ്പിലാക്കിയാൽ അത് വലിയ വിജയമാകും എന്നതിൻറെ ഉദാഹരണമാണ് കഴിഞ്ഞ സെപ്റ്റംബറിൽ സിയാലിൽ ആരംഭിച്ച 0484 എയ്റോലോഞ്ച്. 'ആർട്ട് ഓഫ് അഫോർഡബിൾ ലക്ഷറി' എന്ന അതിന്റെ ആശയം അതിൻറെ ഉപയോക്താക്കളിലേയ്ക്ക് കൃത്യമായി എത്തിക്കാൻ സാധിച്ചു. വിനോദസഞ്ചാര വികസനത്തിൽ ലോകത്ത് നടക്കുന്ന മാറ്റങ്ങളെക്കുറിച്ച് ബോധവാന്മാരായ നമ്മുടെ യാത്രക്കാർ വളരുന്നതനനുസരിച്ച് നമ്മൾ നൽകുന്ന സേവനങ്ങളും പരിഷ്ക്കരിക്കപ്പെടണമെന്ന പശ്ചാത്തലത്തിലാണ്, സ്വന്തമായുള്ള ഭൂമിയുടെ വിനിയോഗം എന്ന ആശയത്തിലൂന്നി ഈ പഞ്ചനക്ഷത്ര ഹോട്ടൽ ഉടലെടുത്തത്. ഇന്ത്യയിൽ ഇത്തരം ഒരു ബിസിനസ് മാതൃകയിൽ ഹോട്ടൽ സംരംഭം തുടങ്ങാൻ കഴിഞ്ഞിട്ടുള്ള രണ്ടാമത്തെ വിമാനത്താവളമായി സിയാൽ. ഭാവി വികസനം ലക്ഷ്യമിട്ട് മൂന്നാം ടെർമിനൽ വികസനം, ഗ്രീൻ ഹൈഡ്രജൻ പ്ലാൻറ്, കമേഴ്സ്യൽ കോംപ്ലക്സ്, ഗോൾഫ് ടൂറിസം പദ്ധതി എന്നിവയുൾപ്പെടെ വികസനം സിയാൽ നടത്തി വരികയാണ്. ഇവയെല്ലാം തന്നെ 202526 സാമ്പത്തികവർഷത്തിൽ പൂർത്തിയാകും. ഇപ്പോൾ താജ് ഗ്രൂപ്പ് നടത്തിയതു പോലുള്ള അനുബന്ധ നിക്ഷേപവും കൊച്ചി വിമാനത്താവള മേഖലയിലേയ്ക്ക് ആകർഷിക്കപ്പെടും. കൂടുതൽ വിമാനകമ്പനികളെ ആകർഷിക്കുക, പ്രദേശികമായ കണക്ടിവിറ്റി വർധിപ്പിക്കുക, പരമാവധി സേവനങ്ങൾ ഡിജിറ്റൈസ് ചെയ്യുക, അത്യാധുനിക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുക. എം.ആർ.ഒ സേവനങ്ങൾ മെച്ചപ്പെടുത്തുക എന്നിവയിലൂടെ രാജ്യത്തിൻറെ പ്രവേശന കവാടമായി മാറുക എന്നതാണ് സിയാലിന്റെ ലക്ഷ്യം.ആഘോഷ പരിപാടികൾ പൂർണമായും ഒഴിവാക്കി, ഔപചാരികമായി നടത്തിയ ചടങ്ങിൽ മന്ത്രി പി.രാജീവ് അധ്യക്ഷനായിരുന്നു. ഐ. എച്ച്. സി. എൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ദീപിക റാവു വിശിഷ്ടാതിയായിരുന്നു. ഐ. എച്ച്. സി. എൽ സീനിയർ വൈസ് പ്രസിഡന്റ്, സത്യജീത് കൃഷ്ണൻ, സിയാൽ ഡയറക്ടർമാരായ, എൻ. വി. ജോർജ്, ഡോ. പി. മുഹമ്മദലി , എക്സിക്യൂട്ടീവ് ഡയറക്ടർമാരായ സജി.കെ.ജോർജ്, ജയരാജൻ വി, സി.എഫ്.ഒ സജി ഡാനിയേൽ, എയർപോർട്ട് ഡയറക്ടർ ജി.മനു,സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ്, സിയാൽ ജനറൽ മാനേജർ രാജേന്ദ്രൻ ടി. സംസാരിച്ചു.

# 5,000 വിദ്യാർത്ഥികൾക്ക് റിലയൻസ് സ്കോളർഷിപ്പ്; കേരളത്തിൽ നിന്നും 229 പേർ

**കൊച്ചി/മുംബൈ:** ധീരുബായ് അംബാനിയുടെ 92ാമത് ജന്മവാർഷിക ആഘോഷങ്ങളുടെ ഭാഗമായി റിലയൻസ് ഫൗണ്ടേഷന്റെ പ്രശസ്തമായ അണ്ടർഗ്രാജുവേറ്റ് സ്കോളർഷിപ്പുകളുടെ 2024–25 വർഷത്തെ ഫലം പ്രഖ്യാപിച്ചു. രാജ്യവ്യാപകമായി 1000,000 അപേക്ഷകളിൽ നിന്ന് 5000 വിദ്യാർത്ഥികളെയാണ് സ്കോളർഷിപ്പിനായി തെരഞ്ഞെടുത്തിരിക്കുന്നത്. കേരളത്തിൽ നിന്ന് 229 പേർക്ക് സ്കോളർഷിപ്പ് ലഭിച്ചു. ഉന്നതവിദ്യാഭ്യാസത്തിനായുള്ള ഇന്ത്യയിലെ ഏറ്റവും വലുതും വൈവിധ്യപൂർണ്ണവുമായ സ്കോളർഷിപ്പ് പദ്ധതികളിലൊന്നാണിത്. രാജ്യത്തെ ഏറ്റവും വലിയ സ്വകാര്യ സ്കോളർഷിപ്പ് പദ്ധതിയും ഇതാണ്. ബിരുദ വിദ്യാർത്ഥികൾക്ക് 2 ലക്ഷം രൂപ വരെയാണ് ഗ്രാന്റ് ലഭിക്കുക.വിവിധ സംസ്ഥാനങ്ങളിലെ 1,300 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 100,000ത്തോളം വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അപേക്ഷിച്ചു. ഇതിൽ നിന്നാണ് 5000 പേരെ തിരഞ്ഞെടുത്തത്. അഭിരുചി പരീക്ഷയിലെ പ്രകടനവും 12ാം ക്ലാസിലെ മാർക്കും തിരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങളായിരുന്നു. തിരഞ്ഞെടുത്ത 70% വിദ്യാർത്ഥികളുടെയും വാർഷിക കുടുംബ വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയാണ്.ഇന്ത്യയുടെ ഭാവി സാമൂഹികസാമ്പത്തിക വികസനത്തിന് സംഭാവന നൽകുന്ന തരത്തിൽ വിദ്യാർത്ഥികളെ പ്രാപ്തരാക്കാനാണ് റിലയൻസ് ഫൗണ്ടേഷൻ ബിരുദ സ്കോളർഷിപ്പുകൾ ലക്ഷ്യമിടുന്നത്. ഇത് വിദ്യാർത്ഥികളെ സാമ്പത്തിക ബാധ്യതയില്ലാതെ ബിരുദ പഠനം തുടരാൻ പ്രാപ്തരാക്കുകയും ചെയ്യുന്നുവെന്ന് റിലയൻസ് ഫൗണ്ടേഷൻ വ്യക്തമാക്കി.2022 ഡിസംബറിൽ, ധീരുഭായ് അംബാനിയുടെ 90ാം ജന്മവാർഷിക വേളയിൽ, യുവാക്കളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അടുത്ത 10 വർഷത്തിനുള്ളിൽ 50,000 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുമെന്ന് റിലയൻസ് ഫൗണ്ടേഷന്റെ സ്ഥാപകയും ചെയർപേഴ്സണുമായ നിത അംബാനി പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായാണ് സ്കോളർഷിപ്പ് നൽകുന്നത്. അതിന് ശേഷം ഓരോ വർഷവും 5000 ബിരുദ വിദ്യാർത്ഥികൾക്കും 100 ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകിവരുന്നുണ്ടെന്നും റിലയൻസ് ഫൗണ്ടേഷൻ വക്താവ് പറഞ്ഞു.

# സൂപ്പർ ബൈക്കുകൾക്ക് ഓഫറുകളുമായി ആദീശ്വർ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സൂപ്പർബൈക്ക് ബ്രാൻഡായ ആദീശ്വർ ഓട്ടോ റൈഡ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (അഅഞക), ഉത്സവ സീസൺ പ്രമാണിച്ച് ബെനെല്ലി, സോണ്ടസ് സൂപ്പർ ബൈക്കുകൾക്ക് സവിശേഷ സർവീസ് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു.സാഹസികത ആഗ്രഹിക്കുന്നവർക്ക്, ഈ ഉത്സവ സീസണിൽ, 30,000 രൂപ മൂല്യമുള്ള 2 വർഷത്തെ സൗജന്യ സർവീസോടു കൂടി ബെനെല്ലിയുടെ ജനപ്രീതിയാർജ്ജിച്ച ഠഞഗ മോഡൽ ശ്രേണി സ്വന്തമാക്കാനുള്ള അവസരം ലഭിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഇതിന്റെ വില 5.85 ലക്ഷം മുതൽ ആരംഭിക്കുന്നു.നൂതനമായ ഡിസൈനിനും ഏറ്റവും മികച്ച സവിശേഷതകൾക്കും പ്രസിദ്ധമായ സോണ്ടസ് കൂടി ഉത്സവ ആഘോഷങ്ങളുടെ ഭാഗമാണ്. 350R, 350X, GK350, 350T, 350T ADV എന്നിവ ഉൾപ്പെടുന്ന സോണ്ടസിന്റെ 350c-c മോഡൽ ശ്രേണി വാങ്ങുമ്പോൾ ഉപഭോക്താക്കൾക്ക് ഇപ്പോൾ 20,000 മൂല്യമുള്ള 2 വർഷത്തെ സൗജന്യ സർവീസ് ലഭിക്കും. സോണ്ടസിന്റെ വില 2.79 ലക്ഷം മുതൽ ആരംഭിക്കുന്നു.

# പുതുവർഷാഘോഷം ഒരുക്കി ഒ ബൈ താമര

**തിരുവനന്തപുരം:** ട്രിവാൻഡ്രം ഒ ബൈ താമരയിൽ ഗംഭീരമായ ഒരു ആഘോഷത്തോടെ 2025നെ വരവേൽക്കാം, നഗരത്തിലെ ഏറ്റവും വലിയ പുതുവത്സര പാർട്ടികളിൽ ഒന്നിൽ ന്യൂ ഇയർ ഗാല ഡിന്നർ, ലൈവ് മ്യൂസിക് എന്നിവ ആസ്വദിക്കാം.ഡിസംബർ 31ന്, ഒ കഫേയിൽ ഒരാൾക്ക് 5499++ രൂപയും (ഒരു ഗ്ലാസ് വൈൻ, ബിയർ അല്ലെങ്കിൽ ഒരു മോക്ക്ടെയിൽ ഉൾപ്പെടെ) കുട്ടികൾക്കായി 3499++ രൂപ നിരക്കിൽ ഒരു ബുഫെ ഡിന്നർ ഒരുക്കിയിട്ടുണ്ട്. സംഗീതവും ആഹ്ലാദകരമായ നിമിഷങ്ങളും നിറഞ്ഞ ഒരു സായാഹ്നം ഉറപ്പാക്കിക്കൊണ്ട് ഗായിക അഞ്ജു ജോസഫ് പുതുവത്സര ഗാല ഡിന്നറിൽ തത്സമയം ഗാനമാലപിക്കും.ഡിന്നറിന് ശേഷം, പുതുവർഷ പാർട്ടി ആസ്വദിക്കാം. ഒരു വ്യക്തിക്ക് 5999++ രൂപയോ അല്ലെങ്കിൽ ദമ്പതികൾക്ക് 10,999++ രൂപ നിരക്കിൽ എൻട്രി ലഭിക്കും.പാർട്ടിയിൽ ലോകോത്തര കലാകാരന്മാരുടെ ഒരു നിര തന്നെ അണിനിരക്കുന്നുണ്ട്.

# രണ്ടാം പാദത്തിൽ 99.04% ക്ലെയിമുകൾ തീർപ്പാക്കി ഐസിഐസിഐ പ്രൂ ലൈഫ്

**കൊച്ചി:** ജൂലൈ മുതൽ 2024 സെപ്തംബർ വരെയുള്ള കാലയളവിൽ വ്യവസായത്തിലെ ഏറ്റവും ഉയർന്ന നിരക്കായ ക്ലെയിം അനുപാതം പ്രഖ്യാപിച്ച് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. ഇക്കാലയളവിൽ 99.04% ക്ലെയിം സെറ്റിൽമെന്റ് അനുപാതമാണ് കമ്പനി കൈവരിച്ചത്.

ഡെത്ത് ക്ലെയിം തീർപ്പാക്കാൻ ശരാശരി വെറും 1.2 ദിവസം മാത്രമാണ് എടുത്തത്. ക്ലെയിമുകൾ സത്യത്തിന്റെ ആത്യന്തിക നിമിഷമാണെന്നും, എല്ലാ ക്ലെയിമുകളും ഞങ്ങൾ വളരെ സെൻസിറ്റിവിറ്റിയോടെയാണ് കൈകാര്യം ചെയ്യുന്നതെന്നും ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഓപ്പറേഷൻസ് ഓഫീസർ അമീഷ് ബാങ്കർ പറഞ്ഞു. 2025 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ 99.04% ക്ലെയിം സെറ്റിൽമെന്റ് അനുപാതമാണ് ഞങ്ങൾ കൈവരിച്ചത്.

എന്നാൽ അവസാനം ലഭിച്ച രേഖയിൽ നിന്ന് അന്വേഷണം ആവശ്യമില്ലാത്ത ക്ലെയിമുകൾ തീർപ്പാക്കാൻ ഞങ്ങളുടെ ശരാശരി ക്ലെയിം സെറ്റിൽമെന്റ് ടേൺ എറൗണ്ട് സമയം വെറും 1.2 ദിവസമാണ്. കൂടാതെ, ഇതേ കാലയളവിൽ 451 കോടി രൂപയുടെ ഡെത്ത് ക്ലെയിമുകളും ഞങ്ങൾ തീർപ്പാക്കി. ആവശ്യമായ എല്ലാ രേഖകളും ലഭിച്ച ശേഷം, യോഗ്യതയുള്ള എല്ലാ മരണ ക്ലെയിമുകളും ഒരു ദിവസത്തിനുള്ളിൽ തീർപ്പാക്കുമെന്ന് കമ്പനിയുടെ ക്ലെയിം ഫോർ ഷുവർ സംരംഭം വാഗ്ദാനം ചെയ്യുന്നു. 2025 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ 7.124 കോടി രൂപയുടെ ക്ലെയിമുകളാണ് ഈ സംരംഭത്തിന് കീഴിൽ ഞങ്ങൾ തീർപ്പാക്കിയതെന്നും അദ്ദേഹം പറഞ്ഞു.

സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ 97.94%വും, 2024 സാമ്പത്തിക വർഷത്തിന്റെ രണ്ടാംപാദത്തിൽ 98.14%വും, 2024 സാമ്പത്തിക വർഷത്തിന്റെ മൂന്നാംപാദത്തിൽ 98.52%വും, 2024 സാമ്പത്തിക വർഷത്തിൽ ആകെ 99.17 ശതമാനവുമായിരുന്നു കമ്പനിയുടെ ക്ലെയിം സെറ്റിൽമെന്റ് അനുപാതം.

# കെഫോൺ: ഇൻട്രാനെറ്റ് സർവീസ് ഉപയോഗപ്പെടുത്തി 3500ന് മുകളിൽ സ്ഥാപനങ്ങൾ

**തിരുവനന്തപുരം:** കേരളത്തിന്റെ സ്വന്തം ബ്രോഡ്ബാൻഡ് കണക്ഷനായ കെഫോണിന്റെ ഇൻട്രാനെറ്റ് സർവീസിന് ഇതിനോടകം 3500ന് മുകളിൽ ഉപഭോക്താക്കൾ. നിരവധി സ്ഥാപനങ്ങളാണ് കെഫോണിന്റെ ഈ സൗകര്യം ഉപയോഗപ്പെടുത്തി ഇന്റേണൽ കണക്ഷനിലൂടെ വിവിധ സർവീസുകൾ ഉപയോഗിക്കുന്നത്. ഒരു സ്ഥാപനത്തിലെ ജീവനക്കാർക്ക് അവർക്കിടയിൽ തന്നെ ആശയവിനിമയം നടത്താനും വിവരങ്ങൾ ആക്സസ് ചെയ്യാനും അനുവദിക്കുന്നൊരു സ്വകാര്യ നെറ്റ്‌വർക്കാണ് ഇൻട്രാനെറ്റ്.എംപിഎൽഎസ് എൽ2വിപിഎൻ, എംപിഎൽഎസ് എൽ3വിപിഎൻ, എഫ്ടിടിഎച്ച് ഇൻട്രാനെറ്റ് തുടങ്ങിയ സേവനങ്ങളാണ് കെഫോൺ വഴി ഈ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നത്. എംപിഎൽഎസ് എൽ2വിപിഎൻ, എംപിഎൽഎസ് എൽ3വിപിഎൻ എന്നീ സേവനങ്ങൾ വഴി ബന്ധപ്പെടുത്തിയിരിക്കുന്ന ഓഫീസുകൾ മുഖേന പോയിന്റ് ടു പോയിന്റ് സേവനങ്ങൾ ഉപയോഗപ്പെടുത്താം. ഇന്റർനെറ്റിന്റെ സഹായമില്ലാതെ ഇത്തരത്തിൽ പ്രധാന ഓഫീസും ശാഖകളും തമ്മിൽ, ശാഖകൾ തമ്മിൽ, പ്രധാന ഓഫീസുകൾ തമ്മിൽ, എന്നിങ്ങനെ ഡാറ്റ കൈമാറ്റവും മറ്റും നടത്താനാകും. ഇന്റേണൽ ആപ്ലിക്കേഷനുകൾ ഇത്തരത്തിൽ മാത്രം ലഭ്യമാകുന്നതോടെ കൂടുതൽ സ്വകാര്യതയും ഡാറ്റ സ്പീഡും ലഭ്യമാകും. എഫ്ടിടിഎച്ച് ഇൻട്രാനെറ്റ് മുഖേനെ ഒരു പ്രത്യേക ഓഫീസിൽ നിന്ന് ലഭ്യമാകുന്ന ആപ്ലിക്കേഷനുകൾ ആക്സസ് ചെയ്യാൻ പ്രത്യേക അനുവാദം ചില ഐ.പി അഡ്രസുകൾക്ക് മാത്രമായി നൽകാനാകും. ഇത്തരത്തിൽ കെഫോൺ ഇൻട്രാനെറ്റ് സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് സ്റ്റേറ്റ് ഡേറ്റ സെന്ററിൽ നിന്ന് ലഭ്യമാകുന്ന ആപ്ലിക്കേഷനുകൾ സർക്കാർ ഓഫീസുകളിൽ ലഭ്യമാക്കുന്നുണ്ട്.പവർഗ്രിഡ് ടെലിസർവീസസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഐടി മിഷൻ, കിംസ്ഹെൽത്ത് മെഡിക്കൽ സെന്റർ എന്നിവർ എംപിഎൽഎസ് എൽ2വിപിഎന്നും കെഡിസ്ക്, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ, കെഎസ്ഇബി, ട്രഷറീസ് ഡിപ്പാർട്ട്മെന്റ്, ഇഹെൽത്ത് എന്നിവർ എംപിഎൽഎസ് എൽ3വിപിഎന്നും ഉപയോഗപ്പെടുത്തി വരുന്നു. ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ആൻഡ് ഫാർമേഴ്സ് വെൽഫെയർ ഡിപ്പാർട്ട്മെന്റ്, ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്), കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് തുടങ്ങി ഒട്ടേറെ സ്ഥാപങ്ങളാണ് കെഫോണിന്റെ എഫ്ടിടിഎച്ച് ഇൻട്രാനെറ്റ് ഉപയോഗപ്പെടുത്തുന്നത്.

# സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർക്ക് നാസ് അംഗീകാരം



ഡോ എൽദോ വർഗീസ്, ഡോ ടി ജി സുമിത്ര

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ രണ്ട് ശാസ്ത്രജ്ഞർക്ക് നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസിന്റെ അംഗീകാരം. ഗവേഷണ രംഗത്തെ മികച്ച സംഭാവനകൾ മുൻനിർത്തി സീനിയർ സയന്റിസ്റ്റ് ഡോ എൽദോ വർഗീസിനെ നാസ് ഫെല്ലോ ആയും സയന്റിസ്റ്റ് ഡോ ടി ജി സുമിത്രയെ നാസ് അസോസിയേറ്റായും തിരഞ്ഞെടുത്തു. കാർഷിക ശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഗവേഷകരുടെ ദേശീയ കൂട്ടായ്മയാണ് നാസ്. ശാസ്ത്രരംഗത്തെ സംഭാവനകൾ പരിഗണിച്ച് ഇന്ത്യയിലും വിദേശത്തുമുള്ള കാർഷികഅനുബന്ധ ശാസ്ത്ര മേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് നൽകുന്ന ആദരമാണ് നാസ് ഫെല്ലോ. കാർഷികഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് മേഖലയിൽ നൽകിയ മികച്ച സംഭാവനകളാണ് ഡോ എൽജോ വർഗീസിനെ നാസ് അംഗീകാരത്തിന് അർഹനാക്കിയത്. സ്റ്റാറ്റിസ്റ്റിക്കൽഇക്കോസിസ്റ്റം മോഡിലംഗ്, ഫിഷ് സ്റ്റോക്ക് അസസ്മെന്റ്, സമുദ്രമത്സ്യ മേഖലയിലെ ഡേറ്റ വിശകനം തുടങ്ങിയ മേഖലകളിൽ ഊന്നൽ നൽകുന്നതാണ് അദ്ദേഹത്തിന്റെ ഗവേഷണങ്ങൾ.മത്സ്യങ്ങളിലെ രോഗബാധ, ആന്റി മൈക്രബോയിയൽ പ്രതിരോധം, മറൈൻ ഫിഷ് മൈക്രോബയോം എന്നിവയിലൂന്നിയുള്ള മറൈൻ മൈക്രോബയോളജി രംഗത്തെ ഗവേഷണങ്ങളാണ് ഡോ സുമിത്രയെ ഈ നേട്ടത്തിന് അർഹയാക്കിയത്. മത്സ്യകൃഷിയിൽ ഉത്തരവാദിത്തത്തോടെയുള്ള ആന്റിബയോട്ടിക് ഉപയോഗം, സുസ്ഥിര മത്സ്യ മാലിന്യ സംസ്കരണത്തിനുമുള്ള പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യകളുടെ വികസനം തുടങ്ങിയവയുമായി ബന്ധപ്പെട്ടതാണ് അവരുടെ പ്രധാന ഗവേഷണ പ്രവർത്തനങ്ങൾ.

# ആഗോള സാമ്പത്തിക രംഗത്ത് ആവശ്യം സന്തുലിത കാഴ്ച്ചപ്പാട്



ശ്രീജിത്ത് ബാലസുബ്രമണ്യൻ

**കൊച്ചി:** ശ്രദ്ധേയമായ സങ്കീർണ്ണതകളുണ്ടെങ്കിലും യു.എസ് നിലപാടിന്റെ ആധിപത്യമാണ് 202425 വർഷത്തിൽ ആഗോള സാമ്പത്തിക രംഗത്ത് പ്രകടമായതെന്ന് ബന്ധൻ എഎംസി വൈസ് പ്രസിഡന്റും ഇക്കണൊമിസ്റ്റുമായ ശ്രീജിത്ത് ബാലസുബ്രമണ്യൻ. എ ഐ അനുബന്ധ നിക്ഷേപം, ഉൽപ്പാദനക്ഷമതാ നേട്ടങ്ങൾ എന്നിവയാൽ ഭാഗികമായി നയിക്കപ്പെടുന്ന യുഎസിന്റെ വളർച്ച മികച്ചതായി തുടരുമ്പോഴും, വർദ്ധിച്ചുവരുന്ന ക്രെഡിറ്റ് കാർഡ്, വാഹന വായ്പാ ക്രമക്കേടുകൾ, തൊഴിൽ വിപണി സാഹചര്യങ്ങൾ മയപ്പെടുത്തൽ, കോവിഡിന് ശേഷമുണ്ടായ വിലക്കയറ്റം മൂലം താഴ്ന്ന വരുമാനക്കാർ നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയ വെല്ലുവിളികളും നിലനിൽക്കുന്നുണ്ടെന്നും ശ്രീജിത്ത് ബാലസുബ്രമണ്യൻ വിലയിരുത്തുന്നു.ധന നയങ്ങളും പണ നയങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തെ കേന്ദ്രീകരിച്ചാണ് 2025ലെ സാധ്യതകളിരിക്കുന്നത്. പ്രത്യേകിച്ച ട്രംപിന്റെ പുതിയ നയങ്ങളുടെ വെളിച്ചത്തിൽ. ധനക്കമ്മി ജിഡിപിയുടെ മൂന്ന് ശതമാനക്കാനും, യഥാർത്ഥ ജിഡിപി വളർച്ച മൂന്ന് ശതമാനമാക്കാനും ഊർജ ഉൽപ്പാദനം വർധിപ്പിക്കാനും ലക്ഷ്യമിട്ടുള്ള നിർദിഷ്ട 333 പദ്ധതി, തുടക്കത്തിൽ പ്രതീക്ഷിച്ചതിലും കൂടുതൽ സൂക്ഷ്മമായ സാമ്പത്തിക സമീപനം ആവശ്യപ്പെടുന്നുണ്ട്, അദ്ദേഹം ചൂണ്ടിക്കാട്ടി.അന്താരാഷ്ട്ര സാമ്പത്തിക സാഹചര്യങ്ങൾ പ്രധാന സമ്പദ്വ്യവസ്ഥകളിലുടനീളം വിവിധ വെല്ലുവിളികളാണ് ഉയർത്തുന്നത്. സ്വകാര്യ ഉപഭോഗവും കയറ്റുമതിയും ദുർബലമായതിനാൽ വളർച്ചാ കുറവ് പ്രവചിക്കുന്ന യൂറോപ്പ്, പ്രത്യേകിച്ച് ജർമനി വെല്ലുവിളി നേരിടുന്നുണ്ട്. യു.എസ് വ്യാപാര നയങ്ങളിൽ വ്യക്തതയ്ക്കായി കാത്തിരിക്കുമ്പോഴും ചൈന പ്രോപർട്ടി മേഖലയിൽ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഉപഭോക്തൃ ഡിമാൻഡ് മന്ദഗതിയിൽ തന്നെ തുടരുകയാണവിടെ. വരാനിരിക്കുന്ന നിരക്ക് വർധനയെ പിന്തുണയ്ക്കാൻ സുസ്ഥിര വേതന വില ബന്ധം സ്ഥാപിക്കുന്നതിനുള്ള ശ്രമത്തിലാണ് ജപ്പാൻ. സെപ്തംബർ പാദത്തിലെ നിരാശാജനകമായ ജിഡിപി കണക്കുകൾ, മന്ദഗതിയിലായ ഉൽപ്പാദന വളർച്ച, കുറഞ്ഞ വായ്പാ വിപുലീകരണം, ആർബിഐ നിരക്ക് കുറയ്ക്കൽ തുടങ്ങി ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് സമ്മിശ്ര സൂചനകളാണ് കാണുന്നത്.വളർന്നുവരുന്ന വിപണികൾക്ക്, പ്രത്യേകിച്ച് ആഗോള മൂല്യ ശൃംഖലകളുമായി സംയോജിപ്പിച്ചിരിക്കുന്നവയ്ക്ക്, ഉൽപ്പാദന മാന്ദ്യം കാര്യമായ വെല്ലുവിളികൾ ഉയർത്തുന്നു. വലിയ സമ്പദ്വ്യവസ്ഥകളിലെ വ്യാവസായിക ഉൽപ്പാദനത്തിന്റെ കണക്കുകളും ആഗോളതലത്തിലുള്ള ഷിപ്പ്മെന്റ് ഡേറ്റയും ഇതിനു തെളിവാണ്. ഈ സാഹചര്യങ്ങളിൽ യുഎസിന്റെ സംരക്ഷണവാദ വ്യാപാര നടപടികൾ കൂടുതൽ സങ്കീർണതകൾ സൃഷ്ടിച്ചേക്കും. വളർച്ചയും പണപ്പെരുപ്പത്തിന്റെ കയറ്റിറക്കങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കാനാണ് സാഹചര്യം ആവശ്യപ്പെടുന്നത്. ഇത് കേന്ദ്ര ബാങ്കുകളെ വൈവിധ്യമാർന്ന നയങ്ങളിലേക്ക് നയിച്ചേക്കാം. ഈ മാറ്റങ്ങൾ ആഗോള സാമ്പത്തിക നയങ്ങളും വിപണി പ്രതികരണങ്ങളും രൂപപ്പെടുത്തുന്നതിൽ വരും വർഷത്തിൽ നിർണായകമാകുമെന്ന് ശ്രീജിത്ത് ബാലസുബ്രമണ്യൻ ചൂണ്ടിക്കാട്ടുന്നു.

